VYAVASAYA KERALAM
March 2019
Volume 51 Issue 10

# വ്യവസായ കേരളം
















## കുട്ടിക്കളിയല്ല കുട്ടി സംരംഭകത്വം

## എഡ്യൂടെക് വളരുന്നയൊരു സംരംഭകത്വമേഖല

## സ്വന്തം സംരംഭത്തിലൂടെ നേട്ടങ്ങൾ കൊയ്തെടുക്കാൻ വനിതകളും

ALKER®

Lightning Cleaner

കുറഞ്ഞ വിലയിൽ മറ്റു ബ്രാന്റുകളേക്കാൾ
വളരെ അധികം മെച്ചപ്പെട്ട ഉത്പന്നം.

- Detergent Powder
- Pardha Wash
- Dish Wash
- Toilet Cleaner
- Floor Cleaner
- Car Wash
- Cloth Wash
- Tile Cleaner
- Stiff 'n' Light
- Chlorux

Healthy way
for your family




ALKER SOAPS & DETERGENTS CO.,DOOR NO. NM 7/235-M,INDUSTRIAL AREA ,MAYYANTHANI,
CHANDAKUNNU P.O. ,NILAMBUR , MALAPPURAM DIST. ,

MAIL : ALKERPRODUCTS@GMAIL.COM WEB : WWW.ALKER.IN PH : 08891088010

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

മാർച്ച് 2019 March 2019
പുസ്തകം 51 Volume 51
ലക്കം 10 Issue 10

# ഉള്ളടക്കം




06 സംരംഭകർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ
ചിത്രകുമാരി. എസ്

08 സംരംഭം; തൊഴിൽ പരിശീലനം നേടാം സൗജന്യമായി
റ്റി. എസ്. ചന്ദ്രൻ

12 എഡ്യൂടെക് വളരുന്നയൊരു സംരംഭകത്വമേഖല
ലോറൻസ് മാത്യു

22 സ്വന്തം സംരംഭത്തിലൂടെ നേട്ടങ്ങൾ കൊയ്തെടുക്കാൻ വനിതകളും
മനോജ് മാതിരപ്പള്ളി

30 പെറ്റ് ഫുഡ് മേഖലയിൽ വെന്നിക്കൊടി പറത്താൻ ഇനി എൽഷദായും
ലങ്കേഷ് അഗസ്ത്യക്കോട്

34 ചരക്ക് സേവന നികുതി (Goods and Services Tax or GST) എന്തുകൊണ്ട്? എന്ത്?
സചീന്ദ്രൻ

40 വിഷരഹിത പച്ചക്കറി ഗാന്ധി സ്മാരക നിധിയിലൂടെ
ആർ. ഹേലി

44 കുതിപ്പിന്റെ ആയുർവേദം
എഴുമാവിൽ രവീന്ദ്രനാഥ്








**ചീഫ് എഡിറ്റർ**
കെ. ബിജു ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ: 6238302158**
**ഇമെയിൽ–**
vyavasayakeralam@gmail.com
**വെബ്സൈറ്റ്–**
www.keralaindustry.org

പ്രതിനിധികൾ–
- **തിരുവനന്തപുരം** : കെ. നാരായണൻകുട്ടി
- **കൊല്ലം** : കെ.ബി. ലങ്കേഷ്
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : ബി. സുരേഷ്
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : രഞ്ജിത് ബാബു
- **എറണാകുളം** : പി. സ്വപ്ന
- **തൃശൂർ** : ആർ സ്മിത
- **പാലക്കാട്** : എം.വി. ബൈജു
- **മലപ്പുറം** : എ. അബ്ദുൾ ലത്തീഫ്
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : ടി.ആർ. ബാബുരാജ്
- **കണ്ണൂർ** : ഇ.ആർ. നിധിൻ
- **കാസർഗോഡ്** : കെ. പീതാമ്പരൻ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
എസ്. നിഷാന്ദ്,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
ആശാലത ടി.,
അരുൺ വി.എൻ., നിഷ,
വിപിൻ വി.എസ്.,
ബേബി. വൈ
രാമകൃഷ്ണൻ എഴുത്തച്ചൻ

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

# വ്യവസായ മേഖലയിലെ ഉണർവ്വിന്റെ മാറ്റൊലിയായി മലബാർ ക്രാഫ്റ്റ്സ് മേള

വ്യവസായ മേഖലയിലെ പുതിയ ചലനങ്ങൾക്കനുസരിച്ച് നയങ്ങൾ രൂപപ്പെടുത്തി മുന്നേറുന്നതോടൊപ്പം പരമ്പരാഗത തൊഴിൽ മേഖലകളെ കൂടെ നിർത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ആ ലക്ഷ്യത്തിനുള്ള ഊർജ്ജസ്വലമായ ചുവടുവയ്പ്പായിരുന്നു മലബാർ ക്രാഫ്റ്റ്സ് മേള. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ദ്ധരെ മേളയിലെത്തിച്ച് അവരുടെ അനുഭവജ്ഞാനവും അറിവും തദ്ദേശീയരായ നമ്മുടെ കരകൗശല വിദഗ്ദ്ധരിലേക്ക് കൈമാറ്റം ചെയ്യുക എന്നതായിരുന്നു മേളയുടെ ലക്ഷ്യം. അതോടൊപ്പം നമ്മുടെ വിദഗ്ദ്ധ തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്താനും മേള വഴിയൊരുക്കി.

കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്), വ്യവസായ വാണിജ്യ വകുപ്പ്, കൈത്തറി വകുപ്പ് എന്നിവർ സംയുക്തമായാണ് മേള സംഘടിപ്പിച്ചത്. കേരളത്തിന്റെ തനത് ഉൽപന്നങ്ങളെ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുക, കരകൗശല വിദഗ്ദ്ധരായ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവും മേളയ്ക്ക് ഉണ്ടായിരുന്നു. മേളയിൽ എത്തിയവർക്ക് കരകൗശല വസ്തുക്കളുടെ നിർമാണം നേരിൽ കാണാനും മേളയിൽ നിന്നുതന്നെ അവ വാങ്ങാനും സാധിച്ചു. മലബാറിന്റെ തനത് രുചിക്കൂട്ടുകളുമായി ഭക്ഷണ സ്റ്റാളുകൾ മേളയുടെ മാറ്റ് കൂട്ടി.



**കെ. ബിജു,** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

വ്യവസായ വാണിജ്യ മുന്നേറ്റത്തിനിടയിൽ, മേളയ്ക്ക് ആതിഥ്യം വഹിച്ച കണ്ണൂർ ജില്ലയുടെ സാംസ്കാരിക പാരമ്പര്യം ലോകത്തിന് മുന്നിൽ എത്തിക്കുന്ന തരത്തിലാണ് മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചത്. പൂർണമായും പ്രകൃതി സൗഹാർദ്ദപരമായാണ് മേള അലങ്കരിച്ചത്. ഓല കൊണ്ട് മേഞ്ഞ കുടിലുകളുടെ മാതൃകയിലാണ് സ്റ്റാളുകൾ നിർമിച്ചത്. 150 കുടിലുകളായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലെയും കേരളത്തിലെയും ശ്രീലങ്കയിലെയും കലാകാരന്മാരുടെ സൃഷ്ടികൾ ഇവിടെ പ്രദർശിപ്പിച്ചു.

വിനോദ സഞ്ചാരത്തിന് അനുബന്ധ വ്യവസായമായ കരകൗശല കൈത്തറി മേഖലകൾ ഇന്ന് വികസനത്തിന്റെ പാതയിലാണ്. ഇവിടെ എത്തിച്ചേരുന്ന വിദേശ സഞ്ചാരികൾ ഇന്ന് നമ്മുടെ നാടിന്റെ ഓർമയ്ക്കായി ഇവിടത്തെ കലാ സാംസ്കാരിക പാരമ്പര്യം ഉൾക്കൊള്ളുന്ന പല വസ്തുക്കളും വാങ്ങിക്കൊണ്ട് പോകാറുണ്ട്. അത്തരം സഞ്ചാരികൾക്കുള്ള കലാസാംസ്കാരിക പ്രദർശന അങ്ങാടി ആയിരുന്നു മലബാർ ക്രാഫ്റ്റ്സ് മേള. ഇത്തരം മേളകളും പുതിയ പദ്ധതികളും പ്രതീക്ഷകൾക്കപ്പുറത്ത് വിജയം കാണുന്നുവെന്നും, വരും കാലഘട്ടങ്ങളിൽ കേരളത്തിന്റെ വ്യവസായ മേഖലയിലുണ്ടാകുമെന്നുറപ്പുള്ള വൻ പുരോഗതിക്കാണ് അടിവരയിടുന്നത്.

**ചീഫ് എഡിറ്റർ**

# കേരളം വ്യവസായ സൗഹൃദ സംസ്ഥാനമായി മാറി

കേരളത്തിലെ വ്യവസായാന്തരീക്ഷം പാടേ മാറ്റാൻ സർക്കാരിന് കഴിഞ്ഞു. ഭയപ്പെടുത്തുന്ന പ്രചാരണങ്ങളിലൂടെ ചെറുകിട, ഇടത്തരം വ്യവസായങ്ങളെയും നിക്ഷേപകരെയും പിന്തിരിപ്പിക്കുന്ന നിലയായിരുന്നു മുമ്പ്. അത്തരം പ്രചാരണങ്ങളെയെല്ലാം അതിജീവിച്ച് വ്യവസായ സൗഹൃദ സംസ്ഥാനമായി കേരളം മാറി. ഇവിടെ നിക്ഷേപകർ സുരക്ഷിതരാണ്. മൂന്നു വർഷത്തിനിടെ ഒരൊറ്റ തൊഴിൽ സമരവുമുണ്ടായിട്ടില്ല. ആധുനിക കാലഘട്ടത്തിനനുസരിച്ച് മാനേജ്മെന്റുകളും ട്രേഡ് യൂണിയനുകളും തമ്മിൽ സൗഹൃദപരമായ അന്തരീക്ഷം നിലനിൽക്കുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസ് സംവിധാനത്തിന്റെ ഭാഗമായി പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ലളിതവും വേഗത്തിലുമാക്കി. അപേക്ഷകളിൽ 30 ദിവസത്തിനകം തീരുമാനം ഉണ്ടാകും. ലൈസൻസുകളും അനുമതികളും വേഗത്തിൽ ലഭ്യമാക്കാൻ കെ സ്വിഫ്റ്റ് എന്ന പേരിൽ ഓൺലൈൻ ക്ലിയറൻസ് സംവിധാനം കൊണ്ടുവന്നു. വ്യവസായം തുടങ്ങാൻ വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതിക്ക് ഒരു ഏകീകൃത അപേക്ഷാഫോറം കെ-സ്വിഫ്റ്റിന്റെ ഭാഗമാണ്. 14 വകുപ്പുകളിലൂടെയുള്ള 29 സേവനങ്ങൾ കെ- സ്വിഫ്റ്റിലൂടെ ലഭ്യമാക്കും. മതിയായ അപേക്ഷകൾ സമർപ്പിച്ചിട്ടും 30 ദിവസത്തിനുള്ളിൽ അനുമതി ലഭിച്ചില്ലെങ്കിൽ ലഭിച്ചതായി കണക്കാക്കി വ്യവസായ സംരംഭം തുടങ്ങാനാകും.



**ഇ.പി. ജയരാജൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

ലൈസൻസുകളുടെ കാലാവധി ഒരു വർഷവും മൂന്നു വർഷവുമായിരുന്നത് അഞ്ച് വർഷമാക്കി വർധിപ്പിച്ചു. ലൈസൻസ് പുതുക്കൽ ഓട്ടോ റിന്യൂവൽ സിസ്റ്റം വഴി നടപ്പാക്കാൻ ഓൺലൈൻ സംവിധാനം തയ്യാറാവുന്നു.

നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് നടത്തിയ വ്യവസായ സൗഹൃദ സർവ്വേയിൽ 2018-ൽ കേരളം ആറാം സ്ഥാനത്താണ്. ഐക്യരാഷ്ട്രസഭയും നീതി ആയോഗും തയ്യാറാക്കിയ സുസ്ഥിര വികസന ലക്ഷ്യ സൂചികയിലെ വ്യവസായവും നൂതനാശയവും എന്ന വിഭാഗത്തിൽ കേരളത്തിന് രണ്ടാം സ്ഥാനമുണ്ട്. സാമ്പത്തിക വിദഗ്ധൻ പ്രൊഫ. സുശീൽ ഖന്ന അധ്യക്ഷനായി കേരള വാണിജ്യ മിഷൻ രൂപീകരിച്ചു. കേരളത്തിലെ ഉല്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ടെത്തിക്കാൻ വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ സഹായകമാവും. മതമോ രാഷ്ട്രീയമോ മറ്റു സങ്കുചിത താൽപര്യങ്ങളോ ഇല്ലാതെ സമൂഹത്തിലെ എല്ലാവരുടെയും യോജിച്ച പ്രവർത്തനങ്ങളിലൂടെയാണ് വ്യവസായ മേഖലയിൽ വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ സാധിച്ചതെന്ന കാര്യം ഞാൻ ഇത്തരുണത്തിൽ സ്മരിക്കുന്നു.

ചിത്രകുമാരി. എസ്




# സംരംഭകർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ

നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് തീരുമാനിക്കേണ്ടത് നാം തന്നെയാണ്. എല്ലാം നമുക്ക് ചെയ്യാൻ സാധിക്കുമെന്ന ആത്മവിശ്വാസം മതി ഒരു സംരംഭം വിജയത്തിലേയ്ക്ക് എത്തിക്കാൻ. പരാജയത്തിന്റെ കയ്പ് അറിയാതെ ആർക്കും ഒന്നിലും വിജയിക്കാൻ സാധിക്കില്ല. ഓരോ പരാജയത്തിന്റെയും കാരണം കണ്ടെത്തി തിരുത്തി മുന്നോട്ടു പോകാൻ നമുക്ക് കഴിയണം. നമ്മുടെ പ്രവർത്തനത്തിൽ ചിട്ട, കഠിനാധ്വാനം, ദിശാബോധം എന്നിവ ആത്മവിശ്വാസത്തോടൊപ്പം ഉണ്ടായിരിക്കണം.

ആത്മവിശ്വാസത്തിന്റെ ഏറ്റവും നല്ല മാതൃകയാണ് ഒരു ബിസിനസ് സാമ്രാജ്യത്തിന്റെ അധിപനായ മലയാളി ശ്രീ. രവിപിള്ള. കൊല്ലം ജില്ലയിലെ ചവറയിൽ ഒരു കർഷക കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം എഞ്ചിനീയറിംഗ് കോൺട്രാക്ടിലേയ്ക്ക് തിരിഞ്ഞു. തൊഴിൽ സമരത്തെ തുടർന്ന് അദ്ദേഹത്തിന്റെ സ്ഥാപനം അടച്ചുപൂട്ടി. ഗൾഫിലേയ്ക്ക് പോയ അദ്ദേഹം അവിടെ കെട്ടിപ്പൊക്കിയ സ്ഥാപനങ്ങളാണ് ആർ. പി. ഗ്രൂപ്പ് ഓഫ് കമ്പനീസ് എന്നറിയപ്പെടുന്നത്. ഫോർബ്സിന്റെ ബില്യനെയർ ലിസ്റ്റിൽ സ്ഥാനം പിടിച്ച അദ്ദേഹത്തിന്റെ കമ്പനിയിൽ 50,000 ത്തിൽ അധികം ജീവനക്കാർ ഉണ്ട്.

അദ്ദേഹത്തിന്റെ സേവനങ്ങൾക്കുള്ള അംഗീകാരമായി ഭാരത സർക്കാർ പത്മശ്രീ നൽകി ആദരിച്ചു. അചഞ്ചലമായ ആത്മവിശ്വാസം ഉള്ളതുകൊണ്ടാണ് ആർക്കും മാതൃകയാക്കാവുന്ന നേട്ടങ്ങൾ കൈവരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത്.

സമർപ്പണ ബുദ്ധിയുള്ളവർക്കു മാത്രമേ ഏതൊരു ദൗത്യവും ഏറ്റെടുത്തു നടപ്പിലാക്കാൻ കഴിയൂ. പരിശ്രമത്തിനു പകരം വയ്ക്കാൻ മറ്റൊന്നില്ല. സ്വയംതൊഴിൽ സംരംഭകർ പലരും ബാങ്കിൽ നിന്നു വായ്പയെടുത്ത് ബിസിനസ് നടത്തുന്നു. അവർ തുടക്കത്തിൽ കാണിക്കുന്ന ഉത്സാഹവും പരിശ്രമവും തുടർന്നുകൊണ്ടുപോകാൻ സാധിക്കാത്തതാണ് പലരുടെയും പരാജയകാരണമെന്ന് ഗവൺമെന്റിന്റെ ഒരു സർവ്വേയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഏതൊരു സംരംഭകരുടെയും വിജയകരമായ പൂർത്തീകരണത്തിനുള്ള പ്രേരകശക്തി ഉത്സാഹമാണ്.

കാര്യങ്ങൾ പോസിറ്റീവായി ചിന്തിക്കുന്നവർ അനുകൂല സാഹചര്യങ്ങൾ തേടിനടക്കും, ലഭിച്ച സാഹചര്യങ്ങൾ അനുകൂലമാക്കും. അമേരിക്കയിലെ ഒരു ചെരുപ്പുകമ്പനി അവരുടെ മാനേജരെ സൗത്താഫ്രിക്കയിലേക്കയച്ചു. അവിടെ ചെരിപ്പിന്റെ വിപണനസാധ്യതകൾ മനസ്സിലാക്കാൻ വേണ്ടിയായിരുന്നു. മാനേജർ നന്നായി പഠിച്ചു. എന്നിട്ടെഴുതി ഇവിടത്തെ ആളുകൾ ചെരിപ്പുകൾ ധരിക്കാറില്ല അതുകൊണ്ട് ചെരുപ്പ് വിൽക്കാനാകില്ല. കമ്പനി മാനേജരെ പിരിച്ചുവിട്ടു. മറ്റൊരാളെ മാനേജരായി നിയമിച്ച് ആഫ്രിക്കയിലേയ്ക്ക് പറഞ്ഞുവിട്ടു. അദ്ദേഹവും പറഞ്ഞു ഇവിടത്തെ ആളുകൾ ചെരിപ്പോ ഷൂസ്സോ ധരിക്കാറില്ല അതുകൊണ്ട് അടുത്ത കപ്പലിൽ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ ചെരിപ്പുകളും ഇങ്ങോട്ടയയ്ക്കുക ഇവിടെ വിറ്റഴിക്കാനാകും. രണ്ടാമൻ സാഹചര്യങ്ങളെ അനുകൂലമാക്കാൻ ശ്രമിക്കുന്നു. അദ്ദേഹത്തിന് കമ്പനിയുടെ വളർച്ചയ്ക്ക് നിർണ്ണായക പങ്കു വഹിക്കാൻ സാധിച്ചു.

തന്റെ സ്ഥാപനം ഏതു ലക്ഷ്യത്തിലേയ്ക്കാണ് സഞ്ചരിക്കുന്നത് എന്ന കൃത്യമായ ധാരണ ഓരോ സംരംഭകനും ഉണ്ടായിരിക്കണം. ലക്ഷ്യം സാക്ഷാത്കരിക്കാൻ സ്ഥാപനത്തിലെ ഓരോ ജീവനക്കാരിലും വ്യക്തമായ ബോധം വളർത്തണം.

അനുകരണം, വിജയം വരിക്കാൻ മറ്റൊരു മാർഗ്ഗമാണ്. ഒരാൾ പോയി വിജയം വരിച്ച വഴിയേ പോയാൽ നമുക്കും വിജയം ആവർത്തിക്കാം. കാട് വെട്ടിത്തെളിച്ച വഴിയേ പോയാൽ വെട്ടിത്തെളിച്ചു




പോകുന്നതിനേക്കാൾ എളുപ്പമാണ്.

പ്രചോദനങ്ങൾ നിരന്തരമായ പ്രവർത്തനത്തിന്റെ ഊർജ്ജമാണ്. അത് മനസ്സിനുള്ളിൽ നിന്നു വരുന്നു. ലോകപ്രശസ്ത മനശാസ്ത്രജ്ഞൻ യൂങ്ങ് പറയുന്നത് "പുറത്തേക്കു നോക്കുന്നവൻ സ്വപ്നം കാണുന്നു അകത്തേയ്ക്ക് നോക്കുന്നവൻ ഉണർന്നെഴുന്നേൽക്കുന്നു". പ്രചോദനം ലഭിക്കണമെങ്കിൽ പ്രചോദിപ്പിക്കുന്ന ആളുകളുമായി കൂട്ടുകൂടണം. പ്രചോദനാത്മകമായ കഥകൾ ജീവചരിത്രങ്ങൾ തുടങ്ങിയ നല്ല പുസ്തകങ്ങൾ വായിക്കണം.

ചുരുക്കിപ്പറഞ്ഞാൽ ആത്മവിശ്വാസവും ധൈര്യവും കഠിനാധ്വാനവും നേതൃത്വഗുണവും ഉണ്ടായാൽ മാത്രമേ ഏതൊരു സംരംഭവും വിജയത്തിലെത്തിക്കാൻ സാധിക്കൂ.

റ്റി. എസ്. ചന്ദ്രൻ

### സംരംഭം;

# തൊഴിൽ പരിശീലനം നേടാം സൗജന്യമായി

പുതുസംരംഭകർ ആഗ്രഹിക്കുന്ന ഒരു പ്രധാന കാര്യമാണ് സാങ്കേതിക തൊഴിൽ പരിശീലനം. കേരളത്തിൽ സ്ഥിരമായി സൗജന്യമായി തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ഉണ്ട്. ലീഡ് ഡിസ്ട്രിക്റ്റ് ബാങ്കുകളുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ആർ. എസ്. ഇ. റ്റി. ഐ. (റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്) ആർ–സെറ്റി (ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം) എന്നാണ് ഈ കേന്ദ്രങ്ങൾ അറിയപ്പെടുന്നത്. 6 ദിവസം മുതൽ 45 ദിവസം വരെ നീണ്ടു നിൽക്കുന്നതാണ് ഇവിടുത്തെ കോഴ്സുകൾ. ഏതാനും കോഴ്സുകളിലേക്ക് പൊതുവായും, അപേക്ഷകരുടെ ആവശ്യമനുസരിച്ച് പ്രത്യേകമായും പരിശീലനം ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.



## പൊതുവായി നൽകുന്ന പരിശീലനങ്ങൾ

പൊതുവായി ജില്ലകൾ തോറും നടപ്പാക്കി വരുന്ന കോഴ്സുകൾ (ബ്രാക്കറ്റിൽ ദൈർഘ്യം-ദിവസം) ഫോട്ടോഗ്രാഫി/ വീഡിയോഗ്രാഫി (30), മൊബൈൽ ഫോൺ റിപ്പയറിംഗ് (30), അഗർബത്തി നിർമാണം (10), ഡയറി/ വെർമി കമ്പോസ്റ്റ് (10), ബ്യൂട്ടി ക്ലിനിക് (30), പേപ്പർ കവർ/ എൻവലപ്പ് (10), വെൽഡിംഗ്/ ഫേബ്രിക്കേഷൻ (30), മെൻസ് ടൈലറിംഗ് (30), എംബ്രോയിഡറി/ ഫേബ്രിക് പെയിന്റിംഗ്(30), ആഭരണ നിർമാണം (13), ഇരുചക്ര വാഹന മെക്കാനിസം(30), ഹോർട്ടികൾച്ചർ (13), വീട് വയറിംഗ് (30), മെൻസ് ബ്യൂട്ടി ക്ലിനിക്/ സലൂൺ (30), ടി. വി. ടെക്നീഷ്യൻ (30), വീട് പെയിന്റിംഗ് (10), കളിപ്പാട്ട നിർമാണം (13), ആട് വളർത്തൽ(10), കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്(30), ചണ ഉല്പന്നങ്ങൾ(13), കോഴി വളർത്തൽ(10), പപ്പടം/ അച്ചാർ, മസാലപ്പൊടികൾ(10), ഔഷധ സസ്യപരിപാലനം(10), റബ്ബർ ടാപ്പിംഗ്(10), ഫാസ്റ്റ് ഫുഡ്(10), വനിതകൾക്ക് തയ്യൽ(30), ഡി. റ്റി. പി(45), കമ്പ്യൂട്ടർ ഹാർഡ് വെയർ(45), മെഴുകുതിരി നിർമാണം(10), സംരംഭകത്വ വികസന പരിപാടി(10), പന്നി വളർത്തൽ(10), പ്ലംബിംഗ് & സാനിറ്ററി(30), റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്(30), നേഴ്സറി(10), തേനീച്ച വളർത്തൽ(10), ട്രാവൽ & ടൂറിസം(10), കൂൺ വളർത്തൽ(10), ആയ പരിശീലനം(10), പോളി ഹൗസ്(10), അലുമിനിയം ഫേബ്രിക്കേഷൻ(30), ബേക്കറി(30), ഫോട്ടോഫ്രെയിമിംഗ്/ ലാമിനേഷൻ/ സ്ക്രീൻ പ്രിന്റിംഗ്(10), മേയ്സൻ വർക്ക്(10), കാർപെന്ററി(30), സി. സി. റ്റി. വി ക്യാമറ ഓപ്പറേഷൻസ്(13), ഫിഷ് ഫാമിംഗ്(10), ഷോപ്പ് കീപ്പർ(10).


മതിയായ അപേക്ഷ ലഭിച്ചാൽ മാത്രമേ ബാച്ചുകളായി പരിശീലന പരിപാടി ആവിഷ്കരിക്കുകയുള്ളൂ. 25-30 പേർ കുറഞ്ഞത് വേണം.

## ജില്ലകൾ തോറും പരിശീലന കേന്ദ്രങ്ങൾ

എല്ലാ ജില്ലകളിലും ആർ. സെറ്റികൾ പ്രവർത്തിക്കുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ( ഡയറക്ടർ, ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രത്തിനാണ് അപേക്ഷ നൽകേണ്ടത്)

| ക്രമ നം. | ജില്ലയും ലീഡ് ബാങ്കും | മേൽവിലാസം |
|---|---|---|
| 1 | തിരുവനന്തപുരം<br>ഇന്ത്യൻ ഓവർസീസ് ബാങ്ക് | റ്റി. സി. 14/1609, ഫോറസ്റ്റ് ഓഫീസ് ലെയിൻ, വഴുതക്കാട്<br>തൈക്കാട്- 695014, 0471-2322430, 944746996<br>iobrsetitvm@gmail.com |
| 2 | കൊല്ലം<br>സിൻഡിക്കേറ്റ് ബാങ്ക് | കല്ലട ഇറിഗേഷൻ പ്രോജക്ട് കാമ്പസ്,<br>മന്നം മെമ്മോറിയൽ<br>കോളേജിന് സമീപം, കൊട്ടിയം-691571,<br>0474-2537141, 9495245002, syndrsetikollam@gmail.com |
| 3 | പത്തനംതിട്ട<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | കിടരത്തിൽ ക്രിസ് ടവേഴ്സ്, കോളേജ് റോഡ്,<br>പത്തനംതിട്ട- 689645, 0468-2270244, 9847514259 |
| 4 | ആലപ്പുഴ<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ബിൽഡിംഗ്, കലവൂർ,<br>ആലപ്പുഴ-688522, 0477-2292427, 9446283414<br>rsetialpy@sbi.co.in |
| 5 | കോട്ടയം<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | ജവഹർ ബാലഭവൻ ബിൽഡിംഗ്, ടെമ്പിൾ റോഡ്,<br>തിരുനക്കര-686001, 0481-2303306, 9446481957<br>rsetiktm@sbi.co.in |

| | | |
|---|---|---|
| 6 | ഇടുക്കി<br>യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് ബിൽഡിംഗ്, നെടുങ്കണ്ടം, 685551, 04868-234567, 9495590779<br>unionnedumkandam@gmail.com |
| 7 | എറണാകുളം<br>യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | യൂണിയൻ ബാങ്ക് ഭവൻ, എ. എം. റോഡ്, പെരുമ്പാവൂർ, 683542, 0484-2529344, 9946899705<br>unionbkrsetipbvr@gmail.com |
| 8 | തൃശൂർ<br>കാനറാ ബാങ്ക് | എസ്. ജെ. കോളനി, വില്ലടം, രാമവർമ്മപുരം- 680631<br>0487-2694412, 9447196324 cbrsetitr@gmail.com |
| 9 | പാലക്കാട്<br>കാനറാ ബാങ്ക് | വെള്ളിനഴി ഗ്രാമപഞ്ചായത്ത്, കല്ലുക്കാട്, ശ്രീകൃഷ്ണപുരം-<br>679503, 0466-2285554, 9846917931, cbrsetipkd@gmail.com |
| 10 | മലപ്പുറം<br>കാനറാ ബാങ്ക് | വണ്ടൂർ ബ്ലോക്ക്, മലപ്പുറം- 679328,<br>04931- 247001, 9495609928,<br>subbaraopaiinstitute@gmail.com |
| 11 | കോഴിക്കോട്<br>കാനറാ ബാങ്ക് | കോഴിക്കോട് ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്, മാത്തര. പി. ഒ,<br>ഗുരുവായൂരപ്പൻ കോളേജ്- 679328, 0495-2432470,<br>9446082241, cbrseticalicut@gmail.com |
| 12 | വയനാട്<br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | പുതൂർ വയൽ. പി. ഒ, വയനാട്- 673121, 04936-207132,<br>9884041040, rsetiw@sbi.co.in |
| 13 | കണ്ണൂർ<br>സിന്റിക്കേറ്റ് ബാങ്ക് | ആർ. റ്റി. എ. ഗ്രൗണ്ടിന് സമീപം, കാഞ്ഞിരങ്ങാട്. പി. ഒ<br>കരിമ്പ വഴി, കണ്ണൂർ-670142, 0460-2226573, 9447483646<br>rudsetkerala@gmail.com |
| 14 | കാസർകോട്<br>ആന്ധ്ര ബാങ്ക് | ബെല്ലിക്കോത്ത് ഇൻസ്റ്റിറ്റ്യൂട്ട്, കാഞ്ഞങ്ങാട്. പി. ഒ,<br>അനന്താശ്രമം- 671531, 0467-2268240, 9497289100<br>bired2003@gmail.com |



**പരിശീലനം തികച്ചും സൗജന്യം**

ഈ കേന്ദ്രങ്ങളിൽ പരിശീലനം മാത്രമല്ല അതിനോട് അനുബന്ധിച്ചുള്ള നിരവധി സൗകര്യങ്ങളും സൗജന്യമായി ലഭിക്കും. സാധാരണ 9 മുതൽ വൈകിട്ട് 5 മണി വരെയാണ് പരിശീലനം. ഈ സമയത്ത് ചായ, സ്നാക്സ്, ഉച്ച ഊണ് എന്നിവയും സൗജന്യമായിത്തന്നെ ലഭിക്കും. ഏതാനും കേന്ദ്രങ്ങളിൽ താമസസൗകര്യവും ഉണ്ട്. താമസവും ഭക്ഷണവും തികച്ചും സൗജന്യം തന്നെ. 18-45 വയസ്സാണ് സാധാരണ പ്രായപരിധി. എന്നാൽ പ്രത്യേക പരിശീലന പരിപാടികൾക്ക് ഇതിൽ ഇളവ് അനുവദിക്കുന്നു. ഏതൊരു പൊതുജനത്തിനും ഈ സൗകര്യം ഉപയോഗപ്പെടുത്താം. ഇങ്ങനെ പരിശീലന പരിപാടി പൂർത്തീകരിക്കുന്നവർക്ക് സ്വന്തം നിലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിനോ, തൊഴിൽ കണ്ടെത്തുന്നതിനോ ആവശ്യമായ കൈത്താങ്ങ് സഹായങ്ങളും ആർ-സെറ്റികൾ നൽകി വരുന്നു.




With Best Compliments from

# FINE PACKS

*High quality sacks with printing*

Pottimada, Vanoor,
Alathur, Palakkad
Pin: 678541

Mob: 9961019022

ലോറൻസ് മാത്യു

# എഡ്യൂടെക്

## വളരുന്നയൊരു സംരംഭകത്വമേഖല

സംരംഭക സാധ്യതകൾ ഏറെയുള്ള മേഖലയാണ് ഭക്ഷ്യ സംസ്കരണവും വസ്ത്ര നിർമാണവും. കാരണം ഇത് രണ്ടും ജാതി മത ഭേദമെന്യേ, പ്രായവ്യത്യാസമില്ലാതെ എല്ലാവർക്കും ആവശ്യമുള്ളയൊന്നാണ്. അതുപോലെ തന്നെയാണ് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് നാം കൊടുക്കുന്ന പ്രാധാന്യവും ആഹാരം, വസ്ത്രം, പാർപ്പിടം എന്ന മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുടെ ക്രമം ഇന്ന് ആഹാരവും വസ്ത്രവും കഴിഞ്ഞാൽ വിദ്യാഭ്യാസമെന്നതിലേക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. അതിനാൽത്തന്നെ നിരവധി സംരംഭാവസരങ്ങൾ ഈ മേഖലയിലുണ്ട്. ഉൽപ്പാദന മേഖലയിലും സേവന മേഖലയിലുമെല്ലാം നിരവധി സാധ്യതകൾ പുതുതായി ഉടലെടുക്കുന്നുണ്ട്. സർക്കാരിന്റെ നയങ്ങളിൽ വന്ന മാറ്റവും ആശാവഹമാണ് ഒപ്പം പൊതുജനങ്ങളുടെ കാഴ്ചപ്പാടിൽ വന്ന വ്യത്യാസവും ഇന്റർനെറ്റിന്റെ അതിവ്യാപനവും സ്മാർട്ട് ഫോണുകളുടെയും മൊബൈൽ ആപ്ലിക്കേഷനുകളുടെ പ്രചാരവും ഹൈടെക് വിദ്യാഭ്യാസത്തിനും അതുവഴിയുള്ള സംരംഭക സാധ്യതകൾക്കും ആക്കം കൂട്ടിയ ഘടകങ്ങളാണ്.



വിദ്യാഭ്യാസരംഗം അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ആരോഗ്യരംഗം കഴിഞ്ഞാൽ രണ്ടാം സ്ഥാനത്താണ് ലോക വിദ്യാഭ്യാസരംഗം നിലവിലെ ഇന്ത്യൻ വിദ്യാഭ്യാസ കമ്പോളത്തിൽ വൻ കുതിച്ചുചാട്ടമാണ് കൈവന്നിരിക്കുന്നത്. ഇന്ത്യയിലെ ജനസംഖ്യ നിരക്ക് ഈ വളർച്ച ആവശ്യപ്പെടുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തെ വളർച്ച ഒരു രാജ്യത്തിന്റെ വികസനത്തെ വളരെയധികം ആശ്രയിച്ചിരിക്കുന്നു. അതിനാൽ തന്നെ സർക്കാരുകളും സംരംഭകരും വിദ്യാഭ്യാസ മേഖലയിൽ തങ്ങളുടേതായ മുതൽമുടക്കുകൾ ധാരാളം നടത്തുന്നുണ്ട്. സാങ്കേതികവിദ്യയും വിദ്യാഭ്യാസരംഗത്ത് ഏറെ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. വിർച്ചൽ ക്ലാസ് റൂമുകൾ പോലുള്ളവ ഇതിന് ഉദാഹരണമാണ്. വിദ്യാഭ്യാസ രംഗവും വിദ്യാർത്ഥികളും പഠനത്തിനാവശ്യമായ എല്ലാത്തരം സാങ്കേതിക

**കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയിൽ ഈ അടുത്ത കാലത്തായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ആശാവഹമാണ്. ആയതിനാൽ തന്നെ വിദ്യാഭ്യാസമേഖലയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് നല്ല കാലമായിരിക്കും ഇനി.**




വിദ്യകളെയും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ തന്നെ ധാരാളം സംരംഭകരും വിദ്യാഭ്യാസ രംഗത്ത് മുതൽമുടക്കാനായി മുന്നോട്ട് വരുന്നുണ്ട്.

കേരളത്തിലെ പൊതു വിദ്യാഭ്യാസ മേഖലയിൽ ഈ അടുത്ത കാലത്തായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ആശാവഹമാണ്. ആയതിനാൽ തന്നെ വിദ്യാഭ്യാസമേഖലയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് നല്ല കാലമായിരിക്കും ഇനി. ഇതിന് പുത്തൻ സാങ്കേതിക വിദ്യയുടെ പിന്തുണയുമാകുമ്പോൾ ഇതുവരെ ചിന്തിക്കാത്ത നിരവധി സംരംഭക സാധ്യതകൾ ഉടലെടുക്കുന്നത് കാണുവാൻ കഴിയും. കേരളത്തിന്റെ വികസനക്കുതിപ്പിന് വേഗതയും കരുത്തും പകരേണ്ട ഊർജദായിനിയാണ് പൊതുവിദ്യാഭ്യാസ സംവിധാനം. അവയെ കാലോചിതമായി വികസിപ്പിക്കുന്നതിനായാണ് സമഗ്ര വിദ്യാഭ്യാസ നവീകരണ മിഷൻ ആവിഷ്കരിച്ചിരിക്കുന്നത്. സ്കൂളിലെത്തുന്ന ഓരോ കുട്ടിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് വേണ്ട ഇടപെടലുകളിലൂടെ ഓരോരുത്തരുടെയും വ്യക്തിപരമായ മികവുകളും കഴിവും പരമാവധി പോഷിപ്പിക്കുകയാണ് ലക്ഷ്യം. സങ്കേതങ്ങളുടെയും സമ്പ്രദായങ്ങളുടെയും സമന്വയത്തിലൂടെ അടുത്ത തലമുറയെ സാമൂഹിക ബോധമുള്ള പൗരരും മെച്ചപ്പെട്ട

മനുഷ്യരുമായി വാർത്തെടുക്കുന്നതിനുള്ള ശ്രമമാണിത്.

ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനുള്ള സംവിധാനം വരുന്ന അഞ്ച് വർഷത്തിനകം പൊതുവിദ്യാലയങ്ങളിൽ ഉറപ്പുവരുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യങ്ങളിലൊന്ന്. ഇതിനുവേണ്ടി ഇപ്പോൾ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം അളക്കേണ്ടതുണ്ട്. ശാസ്ത്രം, ഗണിതശാസ്ത്രം, ഭാഷാശേഷികൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ബേസ് ലൈൻ സൃഷ്ടിച്ചതിനുശേഷം 2017 ജൂൺ മുതലുള്ള അക്കാദമിക വർഷത്തെ സ്കൂൾതല ഇടപെടലുകളിലൂടെ ആരംഭിച്ച് 2021 മാർച്ച് വരെ ഓരോ വിദ്യാലയവും നേടേണ്ട നിലവാരം കേരള പൊതുവിദ്യാഭ്യാസ ലക്ഷ്യങ്ങൾ (കേരള എഡ്യൂക്കേഷൻ മിഷൻസ് അജണ്ട 2021) നിർവചിക്കും.

ഈ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസ മേഖലയിലെ സംരംഭക സാധ്യതകൾക്ക് പ്രസക്തിയേറുന്നത്. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള നിരവധി വ്യത്യസ്തങ്ങളായ സംരംഭങ്ങൾക്ക് ഈ രംഗത്ത് സാധ്യതകൾ ഏറെയാണ്. കണ്ടന്റ് ക്രിയേഷൻ, സ്കിൽ ഡവലപ്മെന്റ് ആന്റ് ട്രെയിനിംഗ്, എക്സ്പിരിമെന്റൽ ലേണിങ്, സോഷ്യൽ നെറ്റ്‌വർക്ക് ഫോർ സ്റ്റുഡന്റ്സ് മൊബൈൽ ആപ്പ്സ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ധാരാളം സ്റ്റാർട്ടപ്പുകൾ രംഗത്തെത്തിക്കഴിഞ്ഞു. വിദ്യാഭ്യാസരംഗത്തെ പിന്തുണയ്ക്കാനായി ധാരാളം സംരംഭകർ മുന്നോട്ടു വരുന്നുമുണ്ട്.




ഗുണനിലവാരമില്ലാത്ത വിദ്യാഭ്യാസം, പഴഞ്ചൻ പഠനരീതി, അടിസ്ഥാന വികസന സൗകര്യങ്ങളുടെ കുറവ് എന്നിവയെല്ലാം ഗ്രാമീണ വിദ്യാഭ്യാസ രംഗം മന്ദഗതിയാകുന്നതിന്റെ വിവിധ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. നാഗരിക വിദ്യാഭ്യാസവും ഗ്രാമീണ വിദ്യാഭ്യാസവും തമ്മിലുള്ള അന്തരമില്ലാതാക്കുവാൻ സഹായിക്കുന്ന ചില സ്റ്റാർട്ടപ്പുകളെങ്കിലും ഈ മേഖലയിലുണ്ട്.

## ലേണിങ്ങ് ഡിലൈറ്റ്

ഡിജിറ്റൽ ലേണിങ്ങ് ടൂളുകളായ റീഡിൽസ്, ക്വിസ്, ആനിമേഷൻ എന്നിവയിലൂടെ വിദ്യാർത്ഥികളുടെ പഠനം




പ്രോത്സാഹിപ്പിക്കുന്ന സംരംഭമാണ് ലേണിങ്ങ് ഡിലൈറ്റ്. 2010 ൽ ഹൽഷാൽ ഗോഹിൽ, വന്ദൻ കംദാർ എന്നിവർ ചേർന്ന് തുടങ്ങിയ സംരംഭം ഡിജിറ്റൽ പാഠ്യ പ്രവർത്തനങ്ങളിൽ അധ്യാപകർക്കും വളരെയധികം സഹായകമാണ്. ഗുജറാത്തിലെ രാജ്കോട്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സംരംഭം നിലവിൽ സംസ്ഥാനത്തെ ഒമ്പതോളം ജില്ലകളിലായി 4400 ഗ്രാമീണ സർക്കാർ സ്കൂളുകളിൽ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്.

## പാഠശാല ലേണിങ്ങ് സൊല്യൂഷൻസ്

രജീബ് ചൗധരി, സോനാൽ സേഥ് എന്നിവർ ചേർന്ന് തുടങ്ങിയ ഈ നൂതന സംരംഭം വിദ്യാർത്ഥികൾക്ക് ടെക്നോളജി അധിഷ്ഠിത സൗകര്യങ്ങൾ നൽകുന്ന ഒരു കൺസൾട്ടിങ്ങ് സ്ഥാപനമാണ്. വിവിധ നൈപുണ്യ വികസന പരിപാടികൾ, യോഗ, എക്സ്പിരിമെന്റൽ ലേണിങ്ങ് എന്നിവയെല്ലാം പാഠശാല ലേണിങ്ങ് സൊല്യൂഷൻസ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

## ക്ലാസിൽ

വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും, നൈപുണ്യ ജനതയും തൊഴിൽ ദാതാക്കളും തമ്മിലുള്ള വിടവ് നികത്തുവാൻ സഹായിക്കുന്ന സംരംഭമാണ് ക്ലാസിൽ. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംരംഭം ലോജിസ്റ്റിക്സ്, ഭാഷാ നൈപുണ്യം, ടെക്നോളജി റീച്ച് എന്നിവയിൽ കൂടുതൽ പരിപാടികൾ ഉൾക്കൊള്ളിച്ചാണ് വിവിധ നൈപുണ്യ വികസന പരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഇന്ത്യയിലെ വിവിധ ഗ്രാമീണ മേഖലയിലുള്ളവർക്കായി മൊബൈൽ വഴിയുള്ള നൈപുണ്യ സേവനങ്ങളും പരിശീലനങ്ങളും ഇവർ ഒരുക്കുന്നുണ്ട്.

## മലയാളികൾക്ക് അഭിമാനമായി ബൈജൂസ് ആപ്പ്

ലോകത്തിലെ തന്നെ ഏറ്റവും വലിയ ലേണിങ്ങ് ആപ്പ് ആയി

ഇന്ത്യയിലെ വിദ്യാഭ്യാസ സംബന്ധിയായ മത്സരപരീക്ഷകൾക്ക് വേണ്ടി തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനാണ് ബൈജൂസ് ആപ്പ്.

മാറിക്കൊണ്ടിരിക്കുകയാണ് ബൈജൂസ് ആപ്പ് എന്ന എഡ്യൂക്കേഷൻ ആപ്ലിക്കേഷൻ. കണ്ണൂർ അഴീക്കൽ സ്വദേശിയായ ബൈജു രവീന്ദ്രൻ ആണ് ഇതിന്റെ സ്ഥാപകൻ. ഇന്ത്യയിലെ വിദ്യാഭ്യാസ സംബന്ധിയായ മത്സരപരീക്ഷകൾക്ക് വേണ്ടി തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനാണ് ബൈജൂസ് ആപ്പ്. ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു സ്റ്റാർട്ട് അപ്പ് സംരംഭമാണ് ബൈജൂസ് പ്രധാനമായും 4 മുതൽ 12 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള കോഴ്സുകൾ ഓൺലൈനായി പഠിപ്പിക്കുന്ന ഒരു മൊബൈൽ ആപ്പ് ആണ് ഇത്. ഫേസ്ബുക്ക് സി. ഇ. ഒ ആയ മാർക്ക് സുക്കർബർഗിന്റെ മകളുടെ പേരിലുള്ള ചാരിറ്റിയായ ചാൻസ് സുക്കർബർഗ് ഫൗണ്ടേഷൻ ഈ സംരംഭത്തിലേക്ക് പണം നിക്ഷേപിച്ചിട്ടുണ്ട്. അധ്യാപകൻ- വിദ്യാർത്ഥി ക്ലാസ് മുറികൾ തുടങ്ങിയ പരമ്പരാഗത രീതിയിൽ നിന്ന് വ്യത്യസ്തമായി എവിടെയും എപ്പോഴും ഏത് വിഷയത്തിലും ക്ലാസുകൾ ലഭ്യമാകുന്നു എന്നതാണ് ബൈജൂസ് ആപ്പിന്റെ പ്രത്യേകത. ക്ലാസ് മുറികളിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ ഫലപ്രദമായി പഠിക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്ന ആപ്പ് ഇന്ന് രാജ്യത്ത് വളരെയധികം പ്രചാരം നേടിയിരിക്കുകയാണ്. നൂറ് തവണ പറഞ്ഞ് കേട്ടത് മനസ്സിൽ തങ്ങുന്നതിലും വേഗത്തിൽ ഒരു തവണ കണ്ട കാഴ്ച. കുട്ടികളുടെ മനസ്സിൽ ആഴത്തിൽ പതിയുന്നു എന്ന വാസ്തവം തിരിച്ചറിഞ്ഞാണ് ഇത്തരത്തിലുള്ള ആപ്പിന്റെ പിറവിക്ക് പിന്നിലെ രഹസ്യം.

നിലവിൽ 40 ലക്ഷത്തോളം ആളുകൾ ഇത് ഡൗൺലോഡ് ചെയ്തു കഴിഞ്ഞിരിക്കുന്നു. ബൈജൂസ് ആപ്പിന്റെ പെയിഡ് സേവനങ്ങൾ ഉപയോഗിച്ച് പഠനം നടത്തുന്നത് 1,60,000 ത്തോളം വിദ്യാർത്ഥികളാണ്. ഓരോ മാസവും 15 ശതമാനം വർധനവാണ് ഇക്കാര്യത്തിൽ ഉണ്ടാകുന്നതെന്ന പ്രത്യേകതയുമുണ്ട്. വിദ്യാർത്ഥികൾക്ക് ഗണിതം, രസതന്ത്രം, ഊർജതന്ത്രം, ജീവശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലാണ് ആപ്പിലൂടെ ക്ലാസുകൾ നൽകുന്നത്. കൂടാതെ വിവിധ എൻട്രൻസ് ക്ലാസുകൾക്കാവശ്യമായ പരിശീലനങ്ങളും നൽകുന്നു. ഇന്ന് നിരവധി നിക്ഷേപകരെ ആകർഷിക്കുന്ന സ്റ്റാർട്ടപ്പ് പദ്ധതിയാണ് ഇത്. രാജ്യത്തെമ്പാടും 22 കോടിയോളം വരുന്ന





വിദ്യാർത്ഥികളിലേയ്ക്ക് എത്തിപ്പെടുക എന്ന ലക്ഷ്യത്തിലേക്കാണ് ബൈജു കണ്ണേറിയുന്നത്. സമാനമായ മറ്റൊരു സംവിധാനങ്ങളും നിലവിലില്ലാത്തതിനാൽ ഇത് വളരെ എളുപ്പത്തിൽ നേടാവുന്ന ലക്ഷ്യം മാത്രമാണ്.

സാങ്കേതിക വിദ്യയിലുള്ള അറിവും അതുപയോഗിക്കുന്നതിലെ വൈദഗ്ദ്യവും മാത്രമല്ല, സ്മാർട്ട് ഫോൺ രംഗത്തുണ്ടായ വിപ്ലവങ്ങളെ തുടർന്ന് കുറഞ്ഞ വിലയ്ക്ക് എല്ലാവർക്കും സ്മാർട്ട് ഫോൺ ലഭ്യമാവുകയും അവയുടെ സ്ക്രീൻ സൈസ് വർധിക്കുകയും ചെയ്തതോടെ സാഹചര്യങ്ങൾ കൂടുതൽ അനുകൂലമായതുമാണ് ഈ സംരംഭത്തിന്റെ വിജയത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് വ്യത്യസ്തമായ ആശയങ്ങളവതരിപ്പിക്കുവാൻ കഴിയുന്നവർക്ക് വിജയിക്കുവാൻ കഴിയുമെന്നതിന്റെ ഉത്തമോദാഹരണമാണിത്.

## കൃത്രിമ ബുദ്ധിയും വിദ്യാഭ്യാസ രംഗവും

അടുത്ത കാലത്തായി ഏറെ പ്രചാരം സിദ്ധിച്ചയൊരു സാങ്കേതിക വിദ്യയാണ് കൃത്രിമബുദ്ധി എന്നത്. കൃത്രിമബുദ്ധി ഉപയോഗപ്പെടുത്തിയുള്ള കരിയർ ഗൈഡൻസിന് തുടക്കമിട്ടത് കേരളത്തിലെ കോഴിക്കോട് ഐ. ഐ. എം ലെ സ്റ്റാർട്ടപ്പായ വൂഡിയുടെ സഹകരണത്തോടെ അവലോകനം ചെയ്ത് കൃത്യമായ കരിയർ മെന്ററിങ്ങ് നൽകുന്നതാണ് ഈ നൂതന സംരംഭം.

## ഓൺലൈൻ സ്കൂളുകൾ

വിദേശ രാജ്യങ്ങളിൽ വ്യാപകമായിട്ടുള്ള സംരംഭമാണിത്. മിക്ക സർവകലാശാലകളും ഈ വഴിക്ക് തിരിഞ്ഞിട്ടുണ്ട്. വരും നാളുകളിൽ കൂടുതൽ വ്യാപകമാകുവാൻ പോകുന്ന ഒരു സംരംഭമായിരിക്കുമിത്. എവിടെയിരുന്നും പഠിക്കാം എന്നതാണ് പോസ്റ്റൽ മാർഗമുള്ള വിദൂര വിദ്യാഭ്യാസത്തേക്കാൾ ഓൺലൈൻ കോഴ്സുകളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നത്. അമേരിക്ക കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഓൺലൈൻ പഠിതാക്കളുള്ളത് ഇന്ത്യയിലാണ് കേന്ദ്രസർക്കാരിന്റെ ഓൺലൈൻ പഠന പോർട്ടലായ സ്വയം (സ്റ്റഡി വെബ്സ് ഓഫ് ആക്ടീവ് ലേണിങ്ങ് ഫോർ യങ് ആസ്പരിംഗ് മൈന്റ്സ്) കുറഞ്ഞ കാലം കൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ ഹിറ്റായിരിക്കയാണ്.

കൃത്രിമബുദ്ധി ഉപയോഗപ്പെടുത്തിയുള്ള കരിയർ ഗൈഡൻസിന് തുടക്കമിട്ടത് കേരളത്തിലെ കോഴിക്കോട് ഐ. ഐ. എം ലെ സ്റ്റാർട്ടപ്പായ വൂഡിയുടെ സഹകരണത്തോടെ അവലോകനം ചെയ്ത് കൃത്യമായ കരിയർ മെന്ററിങ്ങ് നൽകുന്നതാണ് ഈ നൂതന സംരംഭം.



> അമേരിക്ക കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഓൺലൈൻ പഠിതാക്കളുള്ളത് ഇന്ത്യയിലാണ് കേന്ദ്രസർക്കാരിന്റെ ഓൺലൈൻ പഠന പോർട്ടലായ സ്വയം കുറഞ്ഞ കാലം കൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ ഹിറ്റായിരിക്കയാണ്.


രാജ്യാന്തര നിലവാരത്തിലുള്ള പഠനം ലക്ഷ്യമാക്കി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ എന്നിവർ മൈക്രോസോഫ്റ്റിന്റെ സഹായത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് സ്വയം സ്പീഡുള്ള ഒരു ഇന്റർനെറ്റ് കണക്ഷനും പഠിക്കാനുള്ള ആർജവവുമുണ്ടെങ്കിൽ സൗജന്യമായി പഠനം സാധ്യമാണ്. പഠിപ്പിക്കാനെത്തുന്നതോ ഐ. ഐ. ടി ഐ. ഐ. എം എന്നിവിടങ്ങളിലെയും കേന്ദ്ര സർവകലാശാലയിലെയും അധ്യാപകരാണ്. കോഴ്സുകൾക്ക് പ്രവേശന പരീക്ഷയില്ല.

## ഓൺലൈൻ ലൈബ്രറി സർവീസ്

ഡിജിറ്റൽ രൂപത്തിൽ വിവരങ്ങൾ സൂക്ഷിക്കുന്ന ഗ്രന്ഥശാലകളെയാണ് ഡിജിറ്റൽ ലൈബ്രറി എന്നു വിളിക്കുന്നത്. പരമ്പരാഗത ഗ്രന്ഥശാലകളെ അപേക്ഷിച്ച് ഡിജിറ്റൽ ലൈബ്രറികളിലെ വിവരങ്ങൾ കാലദേശഭേദമന്യേ ഒന്നിലധികം ആളുകൾ ഉപയോഗപ്പെടുത്താൻ കഴിയും. നമുക്കാവശ്യമായ വിവരങ്ങൾ എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്നു. വിവരങ്ങൾ സൂക്ഷിക്കാൻ വളരെക്കുറച്ച് സ്ഥലം മതിയാകും, കൂടുതൽ കാലം ഉപയോഗിക്കാൻ കഴിയും, കൂടുതൽ വ്യക്തതയോടെ പ്രമാണങ്ങളും ചിത്രങ്ങളും സൂക്ഷിക്കാൻ കഴിയും എന്നിവ ഡിജിറ്റൽ ലൈബ്രറികളുടെ പ്രധാന മേന്മകളാണ്. ഡിജിറ്റൽ ലൈബ്രറികളിൽ കടലാസുകളുടെ ഉപയോഗം വലിയതോതിൽ കുറക്കുന്നതിനാൽ അവയെ പ്രകൃതി സൗഹൃദമായി കണക്കാക്കാം. കമ്പ്യൂട്ടറുകളിൽ സംഭരിക്കപ്പെടുന്ന വിവരം നെറ്റ്‌വർക്കുകൾ വഴി ഉപഭോക്താവിന് ലഭിക്കുന്ന സംവിധാനമാണിത്. വിവര സാങ്കേതിക വിദ്യാരംഗത്തെ അഭൂതപൂർവമായ നേട്ടങ്ങളുടെ ഫലമായാണ് ഡിജിറ്റൽ ലൈബ്രറി എന്ന സങ്കൽപം യാഥാർത്ഥ്യമായിത്തീർന്നത്. വരും തലമുറയ്ക്കുവേണ്ടി വിവരങ്ങൾ അച്ചടിച്ചു

സൂക്ഷിക്കുന്ന പഴയ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി വിവിധ രീതിയിലുള്ള ഇലക്ട്രോണിക് മാധ്യമങ്ങളിൽ ശേഖരിച്ചു സൂക്ഷിക്കേണ്ട വിവരങ്ങൾ സഞ്ചയിക്കുകയാണ് ഇതിൽ ചെയ്യുന്നത്. ഇതിനായി സ്റ്റോറേജ് ഏരിയ നെറ്റ്‌വർക്ക്, നെറ്റ്‌വർക്ക് സ്റ്റോറേജ് യൂണിറ്റുകൾ തുടങ്ങിയ ഡേറ്റാ സംഭരണ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നു. ഒട്ടേറെ വിവരങ്ങൾ ഇലക്ട്രോണിക് ശേഖര മാധ്യമങ്ങളിൽ സൂക്ഷിച്ച് സംഭരിക്കാനും ആവശ്യമുള്ളപ്പോൾ യഥോചിതം വളരെ വേഗം വിതരണം ചെയ്യാനും ഈ സംവിധാനം അത്യന്തം പ്രയോജനപ്രദമാണ്.


**പരമ്പരാഗത ഗ്രന്ഥശാലകളെ അപേക്ഷിച്ച് ഡിജിറ്റൽ ലൈബ്രറികളിലെ വിവരങ്ങൾ കാലദേശഭേദമന്യേ ഒന്നിലധികം ആളുകൾ ഉപയോഗപ്പെടുത്താൻ കഴിയും. നമുക്കാവശ്യമായ വിവരങ്ങൾ എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്നു.**




ഇന്ത്യൻ സർവകലാശാലകളിലെ ലൈബ്രറികൾ ഡിജിറ്റൽ രൂപത്തിലാക്കി ആധുനീകരിക്കാൻ സഹായിക്കുകയും അവയെ പരസ്പരം ബന്ധിപ്പിച്ച് വിവര കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടി യു. ജി. സി. ആരംഭിച്ചതാണ് ഇൻഫ്ളിബ്നെറ്റ് സെന്റർ (ഇൻഫർമേഷൻ ആന്റ് ലൈബ്രറി നെറ്റ്‌വർക്ക് സെന്റർ). അക്കാദമിക ലേഖനങ്ങളും മറ്റ് റിസോഴ്സുകളും എളുപ്പത്തിൽ ലഭ്യമാക്കാൻ ഓജസ്, ശോധ്ഗംഗ തുടങ്ങിയ ഓപ്പൺ ആക്സസ് സംരംഭങ്ങളുമുണ്ട്. രാജ്യത്തെ സർവകലാശാലകളിലെ ലൈബ്രറികൾ ഡിജിറ്റലായി പരസ്പരം ബന്ധിപ്പിക്കുക ഏത് വിദ്യാർത്ഥികൾക്കും എവിടെ നിന്നും വിവരങ്ങൾ ലഭ്യമാക്കാം. പി. ജി. വിദ്യാർത്ഥികൾക്ക് ഇ. പി. ജി. പാഠശാല https://www.inflibnet.ac.in/ എന്ന ലിങ്കിലൂടെ കൂടുതലറിയാം.

ഏറെ വളർച്ചാ സാധ്യതയുള്ള ഈ രംഗം വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരായ നവസംരംഭകരുടെ ശ്രദ്ധ പതിയേണ്ട ഒന്നാണ്. ഏറെ സാധ്യതകൾ ഈ രംഗത്തുണ്ട്. ആയതിനാൽത്തന്നെ വ്യത്യസ്തമായ നിരവധി സ്റ്റാർട്ടപ്പുകൾ ഈ മേഖലയിൽ ഉയർന്നു വരുമെന്ന് പ്രത്യാശിക്കാം.


ഡിസ്കൗണ്ട്
ഓഫർ
Whole Sale
& Retail
ഞങ്ങളുടെ സ്ഥാപനത്തിൽ നിന്നും
നിങ്ങൾക്കു ലഭിക്കുന്ന ഉൽപ്പന്നങ്ങൾ
• പ്ലംബിംഗ് ഫിറ്റിംഗ് ഐറ്റംസ്
• സാനിറ്ററിവെയർ ഉൽപ്പന്നങ്ങൾ
• ജോൺസൺ & ഹിന്റ്വെയർ തുടങ്ങിയ ബ്രാന്റുകൾ
• വെട്രിഫൈഡ് & സെറാമിക്ക് ടൈയിലുകളുടെ മികച്ച ശേഖരം
• ഇന്റർ ലോക്കുകൾ ഞങ്ങളുടെ ഫാക്ടറിയിൽതന്നെ
മികച്ച ക്വാളിറ്റിയിൽ നിർമ്മിക്കുന്നു
AAT TILES &
SANITARYWARE
ADITHYA AND AMBADI TRADERS
Chavadinada Jn., Venganoor
Ph: 8281688938
JOHNSON
hindware
Kriztle
ASTRAL PIPES
VARMORA
TRESCO
ANANTHAPURAM TILES
IND TILES


ശാസ്ത്രവും പാരമ്പര്യവും ഒത്തുചേർന്ന
ശിൽപകലയുടെ പണിശാല
29
ചെങ്ങന്നൂർ
വ്യവസായ പ്ലോട്ടിൽ
വർഷം പിന്നിടുന്നു...
വിഗ്രഹ, ക്ഷേത്ര
നിർമ്മാണം
സ്വർഗ
ശിൽപ്പം & ആർട്ട്സ്
ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ട് നമ്പർ: 30 - മുണ്ടൻകാവ്, ചെങ്ങന്നൂർ
(ഓഫീസ്-റെയിൽവേ ഓവർ ബ്രിഡ്ജിനു സമീപം, എം.സി. റോഡ്, ചെങ്ങന്നൂർ)
• ശ്രീകോവിൽ നിർമ്മാണം
• വിഗ്രഹ നിർമ്മാണം
• ചുറ്റമ്പല നിർമ്മാണം
• ഗോപുര നിർമ്മാണം
• ക്ഷേത്രങ്ങൾക്കും വീടുകൾക്കുമുള്ള കരിങ്കൽ തൂണുകൾ
• ക്ഷേത്ര കാണിക്കവഞ്ചി
• അലങ്കാര ശിൽപങ്ങൾ
• ഗ്രാനൈറ്റ്, മാർബിൾ എഴുത്ത് കല്ലുകൾ
• കൽവിളക്കുകൾ
• പൂജാസാധനങ്ങൾ
ശിലയിലും പഞ്ചലോഹത്തിലും
വിഗ്രഹങ്ങൾ ഓർഡർ പ്രകാരം നിർമ്മിക്കുന്നു.
Prop: കെ.പി. ഷണ്മുഖ സുന്ദരം
+91 9605222551, 9387733257, 9847604413
vilambaram

മനോജ് മാതിരപ്പള്ളി









## സ്വന്തം സംരംഭത്തിലൂടെ

# നേട്ടങ്ങൾ കൊയ്തെടുക്കാൻ വനിതകളും

**കാലം** മാറുകയാണ്. ഒരുകാലത്ത് പുരുഷന്മാരുടെ കുത്തകയായിരുന്ന സംരംഭകമേഖലയിലേക്ക് ഇപ്പോൾ ഒട്ടേറെ വനിതകളും കടന്നുവരുന്നു. ആത്മവിശ്വാസവും കഴിവുമുള്ള നിരവധി സ്ത്രീകൾ ഇതിനകം തന്നെ തങ്ങളുടേത് മാത്രമായ സംരംഭങ്ങൾ സ്ഥാപിക്കുകയും പ്രവർത്തനരംഗത്ത് വെന്നിക്കൊടി പാറിക്കുകയും ചെയ്തിട്ടുണ്ട്. മുൻപെല്ലാം, സംരംഭകമേഖലയിലുണ്ടായിരുന്ന സ്ത്രീകളിൽ പലരും വിവിധ കാരണങ്ങളാൽ കുടുംബബിസിനസിന്റെ ഭാഗമാവുകയോ അവയുടെ ചുമതല ഏറ്റെടുക്കുകയോ ചെയ്തിരുന്നവരാണ്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. തന്റെ അഭിരുചിക്ക് അനുസൃതമായ സംരംഭങ്ങൾ കണ്ടെത്തു

കയും അത് യാഥാർത്ഥ്യമാക്കി ജീവിതവിജയം കൈവരിക്കുകയും ചെയ്ത നിരവധി സ്ത്രീക ളുണ്ട്.

മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളെ അപേ ക്ഷിച്ച് കേരളത്തിലെ ഉയർന്ന വിദ്യാഭ്യാസനില വാരവും ലോകപരിചയവും ബിസിനസ് രംഗ ത്തേക്ക് കടക്കാൻ ഇവിടുത്തെ വനിതകൾക്ക് പ്രചോദനമായിട്ടുണ്ടെന്ന കാര്യത്തിൽ സംശയമി ല്ല. അതേസമയം, സ്ത്രീകളുടെ ഉടമസ്ഥതയിലു ള്ളതോ അവർ നയിക്കുകയോ ചെയ്യുന്ന പിങ്ക് സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതി കളും ഈ രംഗത്തെ മാറ്റത്തിന് കാരണമാണ്. ഇതിന്റെ ഭാഗമായി നൽകിവരുന്ന ബാങ്ക് വായ്പ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇപ്പോൾ ബിസി നസ് രംഗത്തേക്ക് എത്തുന്ന സ്ത്രീകൾ പ്രയോ ജനപ്പെടുത്തുകയും ചെയ്യുന്നു.

മാർച്ച് എട്ട് വനിതാദിനമാണ്. അതു കൊണ്ടുതന്നെ, വിവിധ മേഖലകളിൽ സ്വന്തം സംരംഭങ്ങൾ സ്ഥാപിച്ചുകൊണ്ട് മികച്ച നേട്ടമു ണ്ടാക്കുന്ന നിരവധി സ്ത്രീകളിൽനിന്നും തെര ഞ്ഞെടുക്കപ്പെട്ട ഏതാനുംപേരെ ഈ ലക്ക ത്തിൽ അവതരിപ്പിക്കുന്നു.

## പ്രചോദനത്തിന്റെ പാഠപുസ്തകമായി മഹിള അപ്പാരൽസ്

**അ**ങ്കമാലി ഇൻകെൽ ബിസിനസ് പാർക്കിൽ പ്രവർത്തിക്കുന്ന മഹിള അപ്പാരൽസ് എന്ന സ്ഥാപനം ഒന്നാന്തരമൊരു പാഠപുസ്തക മാണ്. നാട്ടിൻപുറത്തെ ചെറിയൊരു തയ്യൽക്കട യിൽനിന്നും ഒന്നര കോടിയോളം രൂപയുടെ വിറ്റുവരവുള്ള ഒരു സ്ഥാപനത്തിന്റെ ഉടമയായി മാറാൻ തികച്ചും സാധാരണക്കാരിയായ ഒരു വീട്ടമ്മയ്ക്ക് എങ്ങനെ കഴിഞ്ഞുവെന്ന് പഠി ക്കാനുള്ള പാഠപുസ്തകം. പുതിയ കാല ത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് എങ്ങ നെയാണ് ഒരു സ്ഥാപനത്തെ മുന്നോട്ടു നയിക്കേണ്ടതെന്നും ബിസിനസ് രംഗത്ത് സ്ത്രീസംരംഭ കർക്ക് എത്ര ത്തോളം സാധ്യത യുണ്ടെന്നുമെല്ലാം മഹിള അപ്പാരൽസ് പറഞ്ഞുതരും.

1997-ൽ സ്വന്തം നാടായ അങ്കമാലി തുറ വൂരിൽ ചെറിയൊരു തയ്യൽയൂണിറ്റ് തുട ങ്ങിക്കൊണ്ടാണ് ഗ്രേസി തോമസ് എന്ന സാധാര ണക്കാരി ബിസിനസ് രംഗത്തേക്ക് എത്തുന്നത്. പിഎംആർവൈ പദ്ധതിപ്രകാരം ഒരുലക്ഷം രൂപ വായ്പയെടുത്ത് തുടങ്ങിയ തയ്യൽ യൂണിറ്റിൽ ഏഴു ജീവനക്കാരുണ്ടായിരുന്നു. പിന്നീട് 2006 -ൽ വ്യവസായ വകുപ്പിന്റെ ക്ലസ്റ്റർ ഡെവല പ്മെന്റ് പദ്ധതിപ്രകാരം അങ്കമാലി മിനി ഇൻഡ സ്ട്രിയൽ എസ്റ്റേറ്റ് ബിൽഡിംഗിൽ മഹിള അപ്പാ രൽസ് എന്ന സംരംഭത്തിന് രൂപംനൽകി. ഗാർമെന്റ് മേഖലയിൽ സമാനസംരംഭങ്ങൾ നട ത്തിവന്നിരുന്ന ഏഴുവനിതകളെ ഒപ്പം ചേർത്താ യിരുന്നു തുടക്കം. ആദ്യഘട്ടത്തിൽ യൂണിയൻ ബാങ്ക് ഈടൊന്നുമില്ലാതെ 25 ലക്ഷം രൂപ വായ്പ നൽകിയത് ഏറ്റവും മികച്ച യന്ത്രസംവി ധാനങ്ങൾ സ്ഥാപിക്കാൻ സഹായകമായി.

എങ്കിലും ഏതൊരു വ്യവസായസംരം ഭത്തിന്റെയും കാര്യത്തിലെന്നതുപോലെ തുടക്ക



ത്തിൽ മഹിള അപ്പാരൽസിനും പല തരത്തിലുള്ള പ്രതിസന്ധികളെയും നേരിടേണ്ടിവന്നു. പലപ്പോഴും കമ്പനി നഷ്ടത്തിലായി. എന്നാൽ ഇതുകൊണ്ടൊന്നും തോറ്റു പിൻമാറാൻ ഗ്രേസി തോമസ് തയ്യാറായിരുന്നില്ല. സംഭവിച്ച പിഴവുകളെല്ലാം ഓരോന്നായി അതിജീവിക്കാൻ കഴിഞ്ഞതോടെ മഹിള അപ്പാരൽസ് ലാഭത്തിന്റെ വഴിയിലേക്കെത്തി. തൊട്ടുപിന്നാലെ അംഗീകാരങ്ങളും. ചുരുങ്ങിയ നാളുകൾക്കുള്ളിൽ മികച്ച വുമൺ എൻട്രപ്രണർ അവാർഡും സർക്കാരിന്റെ ആദരവും ഗാർമെന്റ് മാനുഫാക്ചേഴ്സ് അസോസിയേഷന്റെ അവാർഡും ഡെസ്റ്റിനേഷൻ കേരള പുരസ്കാരവും ഈസ്റ്റേൺ ഭൂമിക അവാർഡുമെല്ലാം ഗ്രേസി തോമസിനെ തേടിയെത്തിയത് ഇതിന് ഉദാഹരണമാണ്.

ഷർട്ടും ലേഡീസ് കുർത്തിയും കിഡ്സ് വെയറും സർജിക്കൽ തീയേറ്ററുകളിൽ ഡോക്ടർമാരും രോഗികളും ഉപയോഗിക്കുന്ന ഗൗണും മാസ്കും ഗ്ലൗസുമെല്ലാമാണ് ഇപ്പോൾ മഹിള അപ്പാരൽസിന്റെ പ്രധാനപ്പെട്ട ഉത്പന്നങ്ങൾ. ഇവ ആഭ്യന്തരവിപണിയിൽ വിറ്റഴിക്കുന്നതിനൊപ്പം ഒമാൻ, ജപ്പാൻ, ചൈന എന്നിവിടങ്ങളിലെക്കെല്ലാം കയറ്റുമതിയുമുണ്ട്. ഉത്പാദനം വർദ്ധിച്ചതോടെ അങ്കമാലിയിലെ തന്നെ സിഡ്കോ ഇൻഡസ്ട്രിയൽ ഏരിയയിലും ഇൻകെൽ ബിസിനസ് പാർക്കിലും പുതിയ യൂണിറ്റുകൾ ആരംഭിച്ചു. സിഡ്കോ ഇൻഡസ്ട്രിയൽ ഏരിയയിൽ ഷർട്ടുകളുടെയും ഇൻകെൽ പാർക്കിൽ സർജിക്കൽ പ്രൊഡക്ടുകളുടെയും ഉത്പാദനമാണ് നടക്കുന്നത്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സ്ഥാപനം പരിശീലനകേന്ദ്രമാക്കി മാറ്റുകയും ചെയ്തു. ഇതിനകം ആയിരക്കണക്കിന് വനിതകൾക്കാണ് ഇവിടെ നിന്നും തയ്യൽപരിശീലനം ലഭിച്ചിട്ടുള്ളത്. നേരിട്ടും അല്ലാതെയുമായി നൂറ്റമ്പതോളം പേരാണ് മഹിള അപ്പാരൽസിന്റെ ജീവനക്കാർ.

സ്വന്തം സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ പദവി വഹിക്കുന്നതിനൊപ്പം വിവിധ ജില്ലകളിൽ കുടുംബശ്രീ വനിതകൾക്ക് സംരംഭകത്വമേഖലയിൽ മാർഗനിർദ്ദേശം നടത്തുന്നതിനുവേണ്ടിയും ഗ്രേസി തോമസ് നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഭർത്താവും രണ്ടു ആൺമക്കളും ഉൾപ്പെടുന്നതാണ് ഇവരുടെ കുടുംബം.



## കായൽപ്പെരുമയുമായി കടൽ കടക്കുന്ന മനീഷ

**അ**മേരിക്കയിൽ പഠിച്ച് അവിടെ എൻജിനീയറായി ജോലിനോക്കിയിരുന്ന മലയാളി പെൺകുട്ടിയാണ് മനീഷ പണിക്കർ. ന്യൂയോർക്കിലെ ജീവിതം ഏറെ ഇഷ്ടമായിരുന്നെങ്കിലും ഇടയ്ക്കെപ്പോഴോ നാടിന്റെ ഗൃഹാതുരത്വം മനീഷയെയും പിടികൂടി. വർഷത്തിൽ ആറുമാസം നാട്ടിലും ആറുമാസം ന്യൂയോർക്കിലും ചെലവഴിക്കുന്നതിനെപ്പറ്റി ചിന്തിക്കുന്നത് അങ്ങനെയാണ്. ഇതോടെ നാട്ടിലൊരു സംരംഭം തുടങ്ങുന്നതിനെക്കുറിച്ചായി ആലോചന. ചെറുപ്പം മുതൽ യാത്രകൾ ഇഷ്ടപ്പെടുന്നത് കൊണ്ടാവണം പുതിയ സംരംഭത്തെ



ക്കുറിച്ചുള്ള മനീഷയുടെ ഓരോ ആലോചനയും വിനോദസഞ്ചാരത്തിന്റെ വമ്പൻസാധ്യതകളിലേക്ക് തന്നെ ചുറ്റിത്തിരിഞ്ഞെത്തി.

ഇതിനിടെ, തികച്ചും യാദൃശ്ചികമായാണ് ആലപ്പുഴ ജില്ലയിലെ എരമല്ലൂരിനടുത്തുള്ള ചെറുദ്വീപായ കാക്കത്തുരുത്തിൽ മനീഷ എത്തുന്നത്. മുന്നൂറോളം കുടുംബങ്ങൾ ജീവിക്കുന്ന ഇവിടേക്ക് കടത്തുവള്ളത്തിൽ മാത്രമെ എത്താൻ കഴിയുമായിരുന്നുള്ളൂ. തുരുത്തിലാണെങ്കിൽ വൈദ്യുതിയും വാഹനങ്ങളുമില്ല. എന്നാൽ, ജീവിതസൗകര്യങ്ങൾ കുറവാണെങ്കിലും ഇവിടുത്തെ കാഴ്ചകൾ അതിമനോഹരമായിരുന്നു. എല്ലായ്പ്പോഴും ഭാഗ്യംതേടി കായലിൽ വലവിരിച്ച് കാത്തിരിക്കുന്ന മത്സ്യത്തൊഴിലാളികൾ. കായലിന്റെ ആഴംകുറഞ്ഞ ഭാഗങ്ങളിൽ മത്സ്യങ്ങൾ തപ്പിപ്പിടിക്കുന്ന സ്ത്രീകൾ. ഒന്നാന്തരം കള്ളുമായി നാട്ടുവഴിയിലൂടെ സൈക്കിളിൽ പോകുന്ന ചെത്തുകാരൻ. കായൽപ്പുറങ്ങളിൽ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന സൂര്യന്റെ മായക്കാഴ്ച.

അച്ഛനും മുൻ രാജ്യസഭാംഗവുമായിരുന്ന വാസുദേവപ്പണിക്കരുടെ നാടായ തണ്ണീർമുക്കത്ത് സ്കൂൾ അവധിക്ക് പോകുമ്പോഴുണ്ടായിരുന്ന പഴയ കാഴ്ചകളാണ് കാക്കത്തുരുത്തിൽ മനീഷ കണ്ടത്. അതോടെ തന്റെ ഗൃഹാതുരഭൂമി ഇവിടമാണെന്ന് അവർ തിരിച്ചറിഞ്ഞു. അങ്ങനെ, കാക്കത്തുരുത്തിന്റെ ഗ്രാമക്കാഴ്ചകളിലൊരിടത്ത് കായൽ ഐലൻഡ് റിട്രീറ്റ് എന്ന റിസോർട്ടിന് തുടക്കമായി. "നൂറുവർഷം മുൻപുള്ള കേരളത്തിന്റെ കാഴ്ചകളാണ് കാക്കത്തുരുത്തിലുള്ളത്. അതുതന്നെയാണ് കായൽ റിട്രീറ്റിന്റെ നേട്ടവും. ഒരിക്കൽ എത്തിയ സഞ്ചാരികളിൽ നിന്നറിഞ്ഞാണ് കൂടുതൽ ടൂറിസ്റ്റുകൾ ഇവിടേക്ക് വരുന്നത്. തുടക്കത്തിൽ രണ്ടുമുറികളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ നാലു റൂമുകളായി"; കായലിന്റെ മാറ്റങ്ങളെപ്പറ്റി മനീഷ പണിക്കർ പറയുന്നു.

നാലുവർഷം മുൻപ് തന്റെ സ്വപ്നസംരംഭം കാക്കത്തുരുത്തിൽ യാഥാർത്ഥ്യമാക്കുമ്പോൾ പല തരത്തിലുള്ള ബുദ്ധിമുട്ടുകളും മനീഷയ്ക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. സംരംഭത്തിനായി കണ്ടെത്തിയ സ്ഥലത്ത് ഒരു വീടുണ്ടായിരുന്നതിനാൽ മൂന്നുലക്ഷം രൂപയ്ക്ക് കായൽ റിട്രീറ്റ് യാഥാർത്ഥ്യമാക്കാമെന്നായിരുന്നു കണക്കുകൂട്ടൽ. എന്നാൽ പത്തുലക്ഷം

രൂപയായിട്ടും പണി പൂർത്തിയായില്ല. ഇതിനിടെ വായ്പയ്ക്കായി ഇരുപതോളം ബാങ്കുകളെ സമീപിച്ചെങ്കിലും നിരാശയായിരുന്നു ഫലം. ഒടുവിൽ സുഹൃത്തുക്കളുടെ പിൻബലത്തോടെ പദ്ധതി യാഥാർത്ഥ്യമായി. അനുഭവിച്ച ബുദ്ധിമുട്ടുകളൊന്നും പാഴായില്ലെന്ന് പിന്നീട് ഇവിടേക്കുണ്ടായ സഞ്ചാരികളുടെ ഒഴുക്ക് സാക്ഷ്യപ്പെടുത്തുന്നു.

ഇന്നിപ്പോൾ രാജ്യത്തിനകത്തും പുറത്തുമുള്ള വിനോദസഞ്ചാരികളുടെ പ്രിയഭൂമിയാണ് കാക്കത്തുരുത്തും കായൽ റിട്രീറ്റും. ഇതിനിടെ, 24 മണിക്കൂർകൊണ്ട് ഒരാൾക്ക് ലോകംചുറ്റാൻ കഴിഞ്ഞാൽ നിശ്ചയമായും കണ്ടിരിക്കേണ്ട സ്ഥലമായി നാഷണൽ ജ്യോഗ്രഫിക് മാസിക കാക്കത്തുരുത്തിനെ തെരഞ്ഞെടുത്തതോടെ ഇവിടം ലോകടൂറിസം ഭൂപടത്തിലും ഇടംപിടിച്ചു. കായലും കരിമീനും നാടൻഭക്ഷണവും നാട്ടുവഴികളുമെല്ലാമുള്ള കാക്കത്തുരുത്തിന്റെ പെരുമ അങ്ങനെ കടൽകടന്നു.



"കായൽ, കടൽ, മൗണ്ടൻ ഇവയുടെയെല്ലാം പശ്ചാത്തലത്തിലുള്ള ഒരു റിസോർട്ട് ശൃംഖലയാണ് എന്റെ ഇപ്പോഴത്തെ സ്വപ്നം. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ കടലോരത്തും ഹൈറേഞ്ചിലും കൂടി ഓരോ റിസോർട്ടുകൾ തുടങ്ങണം"; കായൽ ഐലൻഡ് റിട്രീറ്റ് നൽകിയ ആത്മവിശ്വാസത്തിന്റെ ബലത്തിൽ കാക്കത്തുരുത്തിലെ കായലോരത്തിരുന്ന് മനീഷ പണിക്കർ പുതിയ സ്വപ്നങ്ങൾ നെയ്തെടുക്കുകയാണ്. ഇതുവരെയുള്ള അദ്ധ്വാനത്തിന് ലഭിച്ച അംഗീകാരമെന്ന വണ്ണം ചില പുരസ്കാരങ്ങളും മനീഷയെ തേടിയെത്തിയിട്ടുണ്ട്.

## നീമാസ് കിച്ചൻ : പാചകവിദ്യയുടെ തനതു പാഠശാല

ഇപ്പോഴും യൂറോപ്യൻ സംസ്കൃതിയുടെ നിഴൽ മാഞ്ഞിട്ടില്ലാത്ത ഫോർട്ടുകൊച്ചിയിൽനിന്നും വിളിപ്പാടകലെയുള്ള വൈപ്പിൻദ്വീപിന്റെ തെക്കേയറ്റത്താണ് നീമാസ് കിച്ചൻ. ഇവിടുത്തെ കുക്കിംഗ് ഏരിയയിലിരുന്ന് നീമയുടെ മാർഗ്ഗനിർദ്ദേശത്തിൽ എത്രയോ വിദേശികളാണ് ഇതിനകം പാചകത്തിൽ പ്രായോഗികപരിശീലനം നേടിയിട്ടുള്ളത്. എല്ലാ ദിവസവും ഇവിടെ തിരക്കാണ്. രണ്ടുമുതൽ ഇരുപ




തുപേർക്ക് വരെ ഒരേസമയം നീമ പാചകക്ലാസ് എടുക്കുന്നു. ഇവർ പോയാൽ ഉടൻ അടുത്ത സംഘമെത്തും. നീമയുടെ പാചകക്ലാസിനായി വിവിധ ട്രാവൽ ഏജന്റുമാർ മുഖേന ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നെത്തിയവർ ക്യൂ നിൽക്കുകയാണെന്ന് തന്നെ പറയാം.

'ദി ബംഗ്ലാവ് ഹെറിറ്റേജ്' എന്ന ഹോംസ്റ്റേയ്ക്ക് തുടക്കമിട്ടുകൊണ്ട് 2008-ലാണ് ചിത്രകാരി കൂടിയായ നീമ വെളിയത്ത് ബിസിനസ് രംഗത്തേക്ക് എത്തുന്നത്. 1930-ൽ പോർച്ചുഗീസ്, ഡച്ച്, കേരള വാസ്തുശൈലിയിൽ നിർമ്മിക്കപ്പെട്ട ഈ മൂന്നുനില മന്ദിരം വൈപ്പിനിലെ ഏറ്റവും പഴയ തറവാട്ടുകെട്ടിടമാണ്. മൺകട്ടയും ചുണ്ണാമ്പും ശർക്കരയും കല്ലും തടിയുമാണ് നിർമ്മാണവസ്തുക്കൾ. മേയാൻ ഓട് ഉപയോഗിച്ചിരിക്കുന്നു. പഴമയും തനിമയും ആവോളമുള്ളതിനാൽ ബംഗ്ലാവ് ഹെറിറ്റേജ് വളരെ പെട്ടെന്ന് വിദേശസഞ്ചാരികളുടെ ശ്രദ്ധയാകർഷിച്ചു. അങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും നിരവധി സഞ്ചാരികൾ ഇവിടേക്ക് ഒഴുകിയെത്തി.

ഹോംസ്റ്റേയിൽ താമസത്തിനെത്തുന്ന സഞ്ചാരികൾക്കെല്ലാം നീമയുടെ പാചകം ഏറെ ഇഷ്ടമായിരുന്നു. അതുകൊണ്ടുതന്നെ ഇത് പഠിച്ചെടുക്കാൻ പലരും പ്രത്യേക താൽപര്യം കാണിക്കുകയും ചെയ്തു. ഇവർ പറഞ്ഞറിഞ്ഞ് പാചകപരിശീലനത്തിന് മാത്രമായും ഒട്ടേറെ സഞ്ചാരികൾ എത്തിതുടങ്ങി. അങ്ങനെയാണ് നീമാസ് കിച്ചൻ എന്ന ആശയം രൂപപ്പെടുന്നത്. "വിദേശികൾക്ക് പാചകത്തിൽ പ്രായോഗിക പരിശീലനം നൽകാനായി നീമാസ് കിച്ചൻ ആരംഭിക്കുന്നത് 2015-ലാണ്. അന്നുമുതൽ തിരക്ക് കൂടിയിട്ടേയുള്ളൂ. സ്വദേശത്തേക്ക് തിരിച്ചു പോയശേഷം ഇ-മെയിലിലൂടെയും മറ്റും സംശയനിവാരണം നടത്തുന്നവരുമുണ്ട്"; നീമ വെളിയത്ത് പറയുന്നു.

ചെറുപ്പം മുതൽക്കെ നീമയ്ക്ക് പാചകത്തോട് പ്രത്യേക താൽപര്യമാണ്. എന്നാൽ അതൊരു സംരംഭമെന്ന നിലയ്ക്ക് ഉപയോഗിച്ച് തുടങ്ങുന്നത് നീമാസ് കിച്ചനിലൂടെയായിരുന്നു. ചെറുതും വലുതുമായ സംഘങ്ങൾക്ക് പാചകപരിശീലനം നൽകാൻ ബംഗ്ലാവ് ഹെറിറ്റേജിൽ രണ്ടു കുക്കിംഗ് ഏരിയകളുണ്ട്. പഴമയും ആഢ്യത്വവും ഒത്തുചേർന്ന ശൈലിയിൽ കുക്കിംഗ് ഏരിയയും ക്രമീകരിച്ചിരിക്കുന്നു. ഇവിടെ അതിഥികളായി എത്തുന്നവരിൽ ഏറെപ്പേരും അമേരിക്ക, ഇംഗ്ലണ്ട്,

ഫ്രാൻസ്, ന്യൂസിലൻഡ്, ഫിൻലൻഡ്, ജപ്പാൻ, ചൈന, ഐസ്‌ലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ്.

പാചകപരിശീലനത്തിനോ ഹോംസ്റ്റേയിലോ ആയി ഇവിടെ എല്ലായ്പ്പോഴും അതിഥികളായിരിക്കും. ദിവസവും രാവിലെയും വൈകിട്ടും ക്ലാസുകളുണ്ട്. ബംഗ്ലാവിലെത്തുന്ന അതിഥികൾക്ക് മുന്നിൽ വിഭവങ്ങളുണ്ടാക്കി കാണിക്കുന്നതിനു പകരം അവരെ അതിന് പര്യാപ്തരാക്കുകയാണ് നീമ ചെയ്യുന്നത്. സ്വാഭാവികമായും നീമയുടെ മാർഗ്ഗനിർദ്ദേശത്തിൽ ഓരോരുത്തരും പാചകത്തിൽ പ്രാവീണ്യമുള്ളവരാകുന്നു. അതിഥികളുടെ താത്പര്യപ്രകാരമുള്ള വിഭവങ്ങൾക്കാണ് ഇവിടെ മുൻതൂക്കം. ഗസ്റ്റുകളുടെ ആവശ്യപ്രകാരം പാചകക്കുറിപ്പുകൾ ഉൾപ്പെടുന്ന രണ്ടു ഇ-ബുക്കുകളും നീമ തയ്യാറാക്കിയിട്ടുണ്ട്.

നീമയുടെ ഭർത്താവ് ഫ്രാൻസിസ് വെളിയത്ത് കപ്പലിൽ ക്യാപ്റ്റനാണ്. അതുകൊണ്ടുതന്നെ ഭർത്താവിനൊപ്പം ഒരുപാട് കടൽയാത്ര നടത്താൻ നീമയ്ക്ക് കഴിഞ്ഞു. സന്ദർശിക്കാത്ത രാജ്യങ്ങളും അപൂർവ്വം. ഇതിലൂടെയെല്ലാം പാചകത്തിലും മറ്റും ലഭിച്ചിട്ടുള്ള ധാരാളം അറിവുകൾ ബംഗ്ലാവ് ഹെറിറ്റേജ് ഹോംസ്റ്റേയുടെയും നീമാസ് കിച്ചന്റെയും വിജയത്തിന് സഹായകമായിട്ടുണ്ട്.

## ടേസ്റ്റ് ജെറ്റിൽ കുതിക്കുന്ന പാർവതി

**തൃ**പ്പൂണിത്തുറ സ്വദേശിനി പാർവതിയ്ക്ക് ഭക്ഷണത്തോടും പാചകത്തോടുമുള്ള പ്രിയം അടുത്ത കാലത്തൊന്നും ആരംഭിച്ചതല്ല. അച്ഛൻ അറിയപ്പെടുന്നൊരു കേറ്ററിംഗ് സ്ഥാപനത്തിന്റെ ഉടമയായതുകൊണ്ട് പാർവതിയുടെ ബാല്യവും കൗമാരവുമെല്ലാം രുചിയുടെ ലോകത്തായിരുന്നു. പിൽക്കാലത്ത് എൻജിനീയറിംഗ് പഠനത്തിനുശേഷം സ്വന്തമായൊരു സംരംഭം ആരംഭിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചുതുടങ്ങിയപ്പോൾ തന്നെ മനസ്സിൽ തെളിഞ്ഞത് രുചികരമായ പോയകാലമാണ്. പാർവതിയുടെ സ്വപ്നങ്ങൾക്ക് ഭർത്താവ് രാകേഷിന്റെ പിന്തുണ കൂടിയായതോടെ 2015-ൽ 'ടേസ്റ്റ് ജെറ്റ്' എന്ന ഓൺലൈൻ ഫുഡ് ഡെലിവറി സംരംഭത്തിന് തുടക്കമായി.

ഹോട്ടലുകളിൽ പാകംചെയ്യുന്ന ഭക്ഷ്യ



വിഭവങ്ങളുടെ വിതരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള പല ഓൺലൈൻ ഫുഡ് ഡെലിവറി സ്ഥാപനങ്ങളും നിലവിലുണ്ട്. എന്നാൽ കൊച്ചിയിലെ തെരഞ്ഞെടുക്കപ്പെട്ട കൈപ്പുണ്യമുള്ള വീട്ടമ്മമാരും സ്ത്രീകളുടെ നേതൃത്വത്തിലുള്ള മൈക്രോ യൂണിറ്റുകളിലും പാകംചെയ്യുന്ന വിഭവങ്ങളാണ് ടേസ്റ്റ് ജെറ്റ് വിതരണം ചെയ്യുന്നത്. അടുക്കളയിലെ നാടൻരുചിയും കേരളത്തനിമയും ഒത്തുചേർന്ന ഈ വിഭവങ്ങളെ കൊച്ചിയിലും പരിസരപ്രദേശത്തുമുള്ളവർ ഇരുകയ്യും നീട്ടി സ്വീകരിക്കുകയും ചെയ്തു. ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്ന ഉപഭോക്താക്കൾക്ക് ഭക്ഷണം വീട്ടിലെത്തിച്ച് കൊടുക്കുന്ന രീതിയിലാണ് സംവിധാനം.

കേരള ഫിനാൻഷ്യൽ കോർപറേഷനിൽനിന്നും എൻട്രപ്രണർഷിപ്പ് ലോണായി ലഭിച്ച 20 ലക്ഷം രൂപയും പാർവതി സ്വന്തം നിലയിൽ സമാഹരിച്ച 15 ലക്ഷം രൂപയുമായിരുന്നു ടേസ്റ്റ് ജെറ്റിന്റെ നിക്ഷേപം. തുടക്കത്തിലെ പ്രതി

സന്ധികളെ അതിജീവിക്കാൻ കഴിഞ്ഞതോടെ പാർവതിയുടെ ആത്മവിശ്വാസവും വർദ്ധിച്ചു. “ക്വാളിറ്റിയുടെ കാര്യത്തിൽ ടേസ്റ്റ് ജെറ്റ് ഒരുതരത്തിലുള്ള കോംപ്രമൈസിനും തയ്യാറല്ല. അതുകൊണ്ടുതന്നെ ചീത്തപ്പേരുമില്ല. ഗുണമേന്മയും സ്വാദുമുള്ള ഭക്ഷണം നൽകുന്നതിനാൽ ഞങ്ങളുടെ കൂടുതൽ കസ്റ്റമേഴ്സും സ്ഥിരം ആളുകളാണ്”; പാർവതി തന്റെ വിജയരഹസ്യം വ്യക്താക്കുന്നു.

നൂറോളം വീട്ടമ്മമാർ ടേസ്റ്റ് ജെറ്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽനിന്നും, ഓർഡർപ്രകാരം ശേഖരിക്കുന്ന ഭക്ഷണം ഉപഭോക്താക്കളിലേക്ക് എത്തിക്കുകയാണ് ടേസ്റ്റ് ജെറ്റ് തുടക്കത്തിൽ ചെയ്തിരുന്നതെങ്കിലും ഇപ്പോൾ സ്വന്തം ബ്രാൻഡിലുള്ള പാലടപ്രഥമനും വിപണിയിൽ എത്തിയിരിക്കുന്നു. ഒരുതരത്തിലുള്ള പ്രിസർവേറ്റീവുകളും ചേർക്കാത്തതും പരമ്പരാഗതരീതിയിൽ തയ്യാറാക്കുന്നതുമായ പാലടപ്രഥമന് ആവശ്യക്കാരേറെയാണ്. ശുദ്ധമായ പശുവിൻപാലിൽ നാലര മണിക്കൂർ വരെ വേവിച്ച് കുറുക്കിയാണ് ഇത് തയ്യാറാക്കുന്നത്. ഇതോടൊപ്പം കൂടുതൽ സ്വന്തം ഉത്പന്നങ്ങൾ പുറത്തിറക്കാനുള്ള തയ്യാറെടുപ്പും നടക്കുന്നു.

ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യയുടേത് ഉൾപ്പെടെയുള്ള ലൈസൻസുകൾ നേടിയ ഹോം ഷെഫുമാരെ മാത്രമെ ടേസ്റ്റ് ജെറ്റിന്റെ ഭാഗമാക്കുകയുള്ളൂ. ഗുണമേന്മയിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലാത്തതാണ് ഇതിനുകാരണം. ഇത്തരം ലൈസൻസ് എടുക്കുന്നതിനും പായ്ക്കിംഗിൽ ശാസ്ത്രീയത പുലർത്തുന്നതിനുമെല്ലാം ടേസ്റ്റ് ജെറ്റിന്റെ സഹായമുണ്ടാവും. ഇതോടൊപ്പം വിഭവങ്ങളുടെ സാമ്പിളും പരിശോധിക്കും. ടേസ്റ്റ് ജെറ്റിന്റെ വളർച്ചയ്ക്കുള്ള കാരണവും മറ്റൊന്നല്ല. ഇന്നിപ്പോൾ, കൊച്ചിയിൽനിന്നും ലഭിച്ച ആത്മവിശ്വാസത്തിന്റെ കരുത്തിൽ കോഴിക്കോട്ടേക്കും ബംഗലൂരുവിലേക്കുമെല്ലാം പ്രവർത്തനം വ്യാപിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് പാർവതി രാകേഷ്.

MARIAN TOOLS

No.9, SIDCO Mini Industrial Estate

West Kodikulam, Thodupuzha

mariantools@gmail.com

Ph:9495905367, 994709694, 9744629291

*Manufactures of*

Injection Moulds, Blow Moulds

Industrial & Automobile Moulds, Rubber Moulds

ലങ്കേഷ് അഗസ്ത്യക്കോട്

# പെറ്റ് ഫുഡ് മേഖലയിൽ വെന്നിക്കൊടി പറത്താൻ

# ഇനി എൽഷദായും



'ഓമന മൃഗങ്ങൾ' ഒരു കാലത്ത് നാഗരികതയുടെ പ്രതിച്ഛായക്ക് പൊലിമയും, ഗാംഭീര്യവും നൽകുന്നതിൽ പ്രധാന പങ്ക് വഹിച്ചിരുന്നു. നഗരത്തിന്റെ ചുവടുവയ്പ്പുകൾ ഇന്ന് ഗ്രാമങ്ങളിലേക്ക് കൂടി പടരുമ്പോൾ മൃഗങ്ങളെ ഓമനിച്ച് വളർത്തുന്നതിനൊപ്പം അവയ്ക്ക് ആവശ്യമായ എല്ലാ ജീവനസൗകര്യങ്ങളും ഒരുക്കിനൽകാനും നമ്മൾ ശ്രദ്ധാലുക്കളായിരിക്കുന്നു. പെറ്റ്കെയർ, പെറ്റ്ഫുഡ്, ബ്രീഡിങ്ങ്, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങി വിവിധ മേഖലകളിലായി "പെറ്റ്ഫുഡ് വ്യവസായം" വിപണി കീഴടക്കിയിരിക്കുന്നു.

കണക്കുകൾ പ്രകാരം ഏകദേശം 19 – 20 മില്യൺ മൃഗങ്ങളെ ഇന്ന് മനുഷ്യൻ ഓമനിച്ച് വളർത്തുന്നുണ്ട്. അതുകൊണ്ടുതന്നെ പെറ്റ് വ്യവസായ മേഖലയുടെ സാധ്യതകളും വിപുലമാവുകയാണ്. പെറ്റ്




ബിസിനസ്സിൽ അതിവേഗം ജനശ്രദ്ധ പിടിച്ചു പറ്റിയത് പെറ്റ് ഫുഡ് നിർമാണ മേഖലയാണ്. പെറ്റ് ഫുഡ് മേഖലയുമായി ബന്ധപ്പെട്ട് നിരവധി വ്യവസായ യൂണിറ്റുകൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വ്യവസായ വാണിജ്യ വകുപ്പിന്റെയും, പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസിന്റെയും സഹായ സഹകരണങ്ങളോടെ പത്തനാപുരം പിറവന്തൂരിൽ പ്രവർത്തിക്കുന്ന മെ. എൽഷദ പെറ്റ് ഫുഡ് യൂണിറ്റ് ഇപ്പോൾ വിജയത്തിന്റെ പാതയിലേക്ക് ചുവടു വയ്ക്കുകയാണ്. നാഗരികതയുടെ കരസ്പർശമേൽക്കാതെ, തികച്ചും ഗ്രാമീണ പശ്ചാത്തലം കാത്ത് സൂക്ഷിക്കുന്ന പിറവന്തൂർ ഗ്രാമത്തിന് അഭിമാനമായി മാറുകയാണ് ഈ സംരംഭം.

പെറ്റ് ഫുഡ് നിർമാണ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നേടിയെടുത്ത മെ. എൽഷദ യൂണിറ്റുടമ അനു. ജി. തങ്കച്ചൻ പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസ് 2018 നവംബറിൽ സംഘടിപ്പിച്ച വ്യവസായ നിക്ഷേപക സംഗമത്തിൽ തന്റെ വിജയഗാഥ സംരംഭകരുമായി പങ്കുവയ്ക്കുകയുണ്ടായി.

ഈ വേളയിൽ അനു. ജി. തങ്കച്ചനുമായി നടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്ന്:

**1. പെറ്റ് ഫുഡ് യൂണിറ്റ് എന്ന ആശയം എങ്ങനെ ശ്രദ്ധയിൽ വന്നു?**

2013 മുതൽ വ്യവസായകേരളം മാസിക സ്ഥിരമായി വായിക്കാറുണ്ട്. നൂതനമായ വ്യവസായങ്ങളെക്കുറിച്ച് ഇതിൽ വന്നിരുന്ന വിവരണങ്ങൾ ശ്രദ്ധിക്കുമായിരുന്നു. അങ്ങനെയാണ് പെറ്റ് ഫുഡ് വ്യവസായത്തെക്കുറിച്ച് കേൾക്കു

ന്നത്. ഒരു അന്താരാഷ്ട്ര കമ്പനിയുടെ റിസർച്ച് വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ഉറ്റ ബന്ധുവിൽ നിന്ന് പെറ്റ് ഫുഡിന്റെ അടിസ്ഥാന ഫോർമുലകൾ മനസ്സിലാക്കാൻ കഴിഞ്ഞതോടെ ഈ മേഖല തിരഞ്ഞെടുക്കുകയായിരുന്നു.

**2. യൂണിറ്റ് ആരംഭിച്ച വർഷം?**

2016 – 2017

**3. യൂണിറ്റിന് പ്രവർത്തന പ്രോത്സാഹനം നൽകിയവർ?**

വ്യവസായ വകുപ്പ് എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും തുടക്കം മുതലേ നൽകിയിരുന്നു. കൊല്ലം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഹെലൻ ജെറോം, പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസർ മോളി. വി. എം പിന്നെ എന്റെ ഭർത്താവ് ടോംസ് മാത്യു മുളവേലിൽ, സഹോദരി ജെസ്സി സോളമൻ, മാതാപിതാക്കൾ എന്നിവർ എപ്പോഴും പ്രോത്സാഹനവുമായി കൂടെയുണ്ട്.

**4. യൂണിറ്റിന്റെ പ്രധാന ഉത്പന്നങ്ങൾ?**

നായ്ക്കുട്ടികൾക്കും നായകൾക്കും വേണ്ടിയുള്ള മായം കലരാത്ത ഡോഗ് ഫുഡാണ് പ്രധാനമായി ഉൽപാദിപ്പിക്കുന്നത്. “ INVIGRO”- എന്ന് നാമകരണം ചെയ്താണ് ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുന്നത്.

**5. നിർമാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ?**

മത്സ്യ അവശിഷ്ടങ്ങൾ, കോഴിയിറച്ചി, മാംസം, പച്ചക്കറികൾ, ധാന്യങ്ങൾ, പയർ വർഗങ്ങൾ

**6. വാർഷിക ഉൽപാദനം എത്രയെന്ന് വ്യക്തമാക്കുമോ?**

കഴിഞ്ഞ വർഷം 8 ടൺ പെറ്റ് ഫുഡ് നിർമാണം നടന്നു.

**7. അങ്ങനെയെങ്കിൽ കഴിഞ്ഞ വർഷം എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായി എന്ന് പറയാമോ?**

കഴിഞ്ഞ വർഷം 11 ലക്ഷം രൂപയുടെ വിറ്റുവരവ് എത്തിനിൽക്കുന്നു.

**8. യൂണിറ്റിന്റെ സേവനപരിധി എവിടെവരെ എത്തി നിൽക്കുന്നു?**

തിരുവനന്തപുരം, കൊല്ലം, കൊച്ചി നാവികസേന കാന്റീൻ കടന്ന് ബംഗലൂരു വരെ എത്തി നിൽക്കുന്നു.



**9. വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച സേവനങ്ങൾ?**

2015 മുതൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം സംഘടിപ്പിച്ച വ്യവസായ ബോധവൽക്കരണ സെമിനാറുകളിലെല്ലാം എന്നെ ക്ഷണിക്കുകയും വേണ്ട മാർഗനിർദ്ദേശങ്ങളും പ്രചോദനവും തന്നു. യൂണിറ്റിന് ആവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ ഏകജാലക സംവിധാനത്തിലൂടെ കൃത്യമായ ഇടപെടലുകൾ നടത്തി. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ കെ. എസ്. ഇ. ബി യിൽ സമ്മർദ്ദം ചെലുത്തി.

**10. വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച ആനുകൂല്യങ്ങൾ?**

ഇ. എസ്. എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റാർട്ടപ്പ് സബ്സിഡിയും, ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും ലഭിച്ചു. മലയാള മനോരമ കൊല്ലത്ത് സംഘടിപ്പിച്ച എക്സിബിഷനിലും, കൊല്ലം ജില്ലാ വ്യവസായകേന്ദ്രം സംഘടിപ്പിച്ച ഉൽപന്ന പ്രദർശന വിപണന മേളയിലും സൗജന്യമായി സ്റ്റാളുകൾ അനുവദിച്ച് തന്നിരിക്കുന്നു.

**11. യൂണിറ്റിന്റെ വിജയമന്ത്രം വ്യവസായകേരളം വായനക്കാരോട് പങ്ക് വയ്ക്കാമോ?**

വിജയിച്ച സംരംഭക എന്ന് പറയുന്നതിനേക്കാൾ വിജയിച്ചുകൊണ്ടിരിക്കുന്ന സംരംഭക എന്ന് പറയാനാണ് എനിക്ക് ഇഷ്ടം. വ്യവസായ വകുപ്പിന്റെ സഹായത്തോടെ വിജയത്തിലേക്ക് ചുവട് വയ്ക്കുന്ന ഒരു കുഞ്ഞു സംരംഭകയാണ് ഞാൻ. സ്ഥിരോത്സാഹം, പരസ്പരവിശ്വാസം, ഉയർന്ന ഗുണമേന്മ- എന്നിവയാണ് എന്റെ വിജയമന്ത്രം.

വ്യവസായ വാണിജ്യ വകുപ്പിന്റെ കൈത്താങ്ങോടെ വിജയസോപാനങ്ങൾ കീഴടക്കുന്ന എൽഷദ പെറ്റ് ഫുഡ് യൂണിറ്റ് വ്യവസായ മേഖലയിൽ പുതിയ ചരിത്രം കുറിക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം.

**പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസിലെ ജീവനക്കാരനാണ് ലേഖകൻ**


# EAST COAST ENGINEERING

(Most Reliable for Precision Machine Parts)

Mini Industrial Estate, Minikavala
Vengola (W)- 683 556, Kerala
Ph( Off) : 0484 -2682072
Mob: 9447055417
E-mail Id: eastcoastgroups@gmail.com

സചീന്ദ്രൻ

# ചരക്ക് സേവന നികുതി
## (Goods and Services Tax or GST)
## എന്തുകൊണ്ട്? എന്ത്?



ഇന്ത്യയിലെ പരോക്ഷ നികുതി സമ്പ്രദായത്തിൽ സമഗ്രമായ മാറ്റം കൊണ്ടുവന്ന ഒന്നായിരുന്നു ചരക്ക് സേവന നികുതി അഥവാ ജി. എസ്. ടി. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കും വികാസത്തിനും കാരണമാകാവുന്ന നാഴികക്കല്ലായി ഇതിനെ വിശേഷിപ്പിക്കാം. ഒരു രാജ്യം, ഒരു വിപണി, ഒരു നികുതി എന്ന ലക്ഷ്യത്തോടെ 2017 ജൂലൈ ഒന്നാം തീയതിയായിരുന്നു ജി. എസ്. ടി നടപ്പാക്കിയത്. സമഗ്രമായ പരിഷ്കാരമായതിനാൽ വാണിജ്യ-വ്യവസായ മേഖലയിലെയും മറ്റു മേഖലകളിലെയും നിരവധിപേർ ഇപ്പോഴും ജി. എസ്. ടിയെക്കുറിച്ചുള്ള അവ്യക്തതകളും സംശയങ്ങളുമായാണ് കഴിയുന്നത്. ഈ ലക്കത്തിൽ എന്തുകൊണ്ട് ജി. എസ്. ടി നടപ്പാക്കിയെന്നും അതിന്റെ ചുരുക്കം ചില പ്രത്യേകതകളും പ്രതിപാദിക്കുന്നു. തുടർന്നുള്ള ലക്കങ്ങളിൽ രജിസ്ട്രേഷൻ, കോമ്പോസിഷൻ സ്കീം, റിവേഴ്സ് ചാർജ്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്,

റിട്ടേൺസ് തുടങ്ങിയ സുപ്രധാന കാര്യങ്ങളെക്കുറിച്ച് വായനക്കാർക്ക് എളുപ്പം മനസിലാകുന്ന രീതിയിൽ വിഷയാവതരണം നടത്തും.

## നികുതികൾ

രാജ്യത്തെ നികുതികളെ പൊതുവിൽ രണ്ടായി തരംതിരിക്കാം

**1. പ്രത്യക്ഷ നികുതി (Direct Tax)**

ഒരു പ്രത്യക്ഷ നികുതിയുടെ നികുതി ഭാരം (Incidence of tax) വഹിക്കുകയും അത് ഗവൺമെന്റിലേക്ക് അടക്കുകയും, അതിന്റെ രേഖകൾ (റിട്ടേൺസ്) സമർപ്പിക്കുകയും ചെയ്യുന്നത് ഒരേ ആളായിരിക്കും. അതായത് ഗവൺമെന്റ്, നികുതി ചുമത്തപ്പെടുന്നയാളിൽ നിന്നും നേരിട്ട് സ്വീകരിക്കുന്നു. ആദായനികുതി (Income tax), സ്വത്ത് നികുതി (wealth tax) എന്നിവ പ്രത്യക്ഷനികുതിക്ക് ഉദാഹരണങ്ങളാണ്.

**2. പരോക്ഷ നികുതി (Indirect Tax)**

പരോക്ഷ നികുതിയുടെ ഭാരം ഒരു വ്യക്തിയിലും അത് ചുമത്തുന്നത് മറ്റൊരു വ്യക്തിയിലുമാണ്. ഉദാഹരണത്തിന് വില്പന നികുതി. അതിന്റെ ഭാരം ഉപഭോക്താവിനാണെങ്കിലും അത് ഗവൺമെന്റിലേക്കു അടക്കുവാനും അതിന്റെ റിട്ടേൺസ് സമർപിക്കാനുള്ള ബാധ്യത വില്പന നടത്തുന്നയാൾക്കുമാണ്.
എക്സൈസ് തീരുവ, കസ്റ്റംസ് തീരുവ, സേവന നികുതി എന്നിവ പരോക്ഷ നികുതിയിൽ പെട്ടവയാണ്. 2017 ലെ ബജറ്റ് കണക്കുകൾ പ്രകാരം മൊത്തം നികുതി വരുമാനത്തിൽ പ്രത്യക്ഷ നികുതി 51.3 ശതമാനവും പരോക്ഷ നികുതി 48.7 ശതമാനവും ആണ് നൽകിയിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ പരോക്ഷ നികുതിയിൽ നിന്നുള്ള വരുമാനം ഇന്ത്യയുടെ ജിഡിപിയുടെ 10.5 ശതമാനമായി ഉയർന്നു. 15.9 ലക്ഷം കോടി രൂപയായിരുന്നു ഈ കാലയളവിലെ പരോക്ഷ നികുതിയിൽ നിന്നുള്ള വരുമാനം. അതിനാൽ തന്നെ പരോക്ഷ നികുതി മേഖലയിൽ വരുത്തുന്ന മാറ്റങ്ങൾക്ക് വൻ

> പരോക്ഷ നികുതിയുടെ ഭാരം ഒരു വ്യക്തിയിലും അത് ചുമത്തുന്നത് മറ്റൊരു വ്യക്തിയിലുമാണ്. ഉദാഹരണത്തിന് വില്പന നികുതി. അതിന്റെ ഭാരം ഉപഭോക്താവിനാണെങ്കിലും അത് ഗവൺമെന്റിലേക്കു അടക്കുവാനും അതിന്റെ റിട്ടേൺസ് സമർപിക്കാനുള്ള ബാധ്യത വില്പന നടത്തുന്നയാൾക്കുമാണ്.



പ്രാധാന്യമുണ്ട്.

## ഇന്ത്യയിലെ പരോക്ഷ നികുതികൾ

ജി. എസ്. ടി നടപ്പിലാക്കുന്നതിന് മുമ്പ് ഉണ്ടായിരുന്ന പ്രധാനപ്പെട്ട പരോക്ഷ നികുതികൾ താഴെ പറയുന്നവയാണ്.

**1. കേന്ദ്ര ഗവൺമെന്റ് ചുമത്തുന്നവ**

**എ. എക്സൈസ് തീരുവ (Central Excise duty)**

1944 ലെ സെൻട്രൽ എക്സൈസ് നിയമവും 1985 ലെ സെൻട്രൽ എക്സൈസ് താരിഫ് നിയമവും പ്രകാരം ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന എക്സൈസബിൾ ആയിട്ടുള്ള ഉത്പന്നങ്ങൾക്ക് ഈടാക്കിയിരുന്ന നികുതിയാണ് എക്സൈസ് തീരുവ. (ഭരണഘടനയിലെ ഷെഡ്യൂൾ ഏഴ്, ലിസ്റ്റ് 1, എൻട്രി നമ്പർ 84)

**ബി. സേവന നികുതി (Service Tax)**

1944 ലെ ഫിനാൻസ് ആക്ട് പ്രകാരം സേവനങ്ങൾ നൽകുമ്പോൾ ഈടാക്കുന്നതാണ് സേവന നികുതി (ഭരണഘടനയിലെ ഷെഡ്യൂൾ ഏഴ്, ലിസ്റ്റ് 1, എൻട്രി നമ്പർ 97).

**സി. കസ്റ്റംസ് തീരുവ (Customs Duty)**

1962 ലെ കസ്റ്റംസ് നിയമ പ്രകാരവും 1975 ലെ കസ്റ്റംസ് താരിഫ് നിയമപ്രകാരവും ഉത്പന്നങ്ങൾ കയറ്റുമതി/ ഇറക്കുമതി നടത്തുമ്പോൾ ഈടാക്കുന്നതാണ് കസ്റ്റംസ് തീരുവ (ഭരണഘടനയിലെ ഷെഡ്യൂൾ ഏഴ്, ലിസ്റ്റ് 1, എൻട്രി നമ്പർ 83)

**2. സംസ്ഥാന ഗവൺമെന്റുകൾ ഈടാക്കുന്ന പ്രധാനപ്പെട്ട പരോക്ഷ നികുതികൾ**

**എ. വില്പന നികുതി**

ഓരോ സംസ്ഥാനത്തിന്റെയും സുപ്രധാനമായ വരുമാന മാർഗമാണ് വില്പന നികുതി. മുമ്പ്, 1963 ലെ കേരള ജനറൽ സെയിൽസ് ടാക്സ് നിയമപ്രകാരവും, പിന്നീട് 2005 ൽ പാസ്സാക്കിയ മൂല്യവർദ്ധിത നികുതി നിയമപ്രകാരവുമാണ് സംസ്ഥാനത്തിനകത്തെ വില്പനയ്ക്ക് വില്പന നികുതി ഈടാക്കുന്നത് (ഭരണഘടനയിലെ ഷെഡ്യൂൾ ഏഴ്, ലിസ്റ്റ് 2, എൻട്രി നമ്പർ 92 എ)

**ബി. പ്രവേശന നികുതി (Entry Tax), വിനോദ നികുതി (Entertainment Tax)**

1994 ലെ കേരള പ്രവേശന നികുതി (Kerala Tax on Entry of Goods Into Local Areas Act) നിയമപ്രകാരം ചരക്ക് സംസ്ഥാനത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ നികുതി ഈടാക്കുന്നു. (ഭരണഘടനയിലെ ഷെഡ്യൂൾ ഏഴ്, ലിസ്റ്റ് 2 എൻട്രി നമ്പർ 52) 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ട് പ്രകാരം അമ്യൂസ്മെന്റ് പാർക്ക് പോലുള്ള വിനോദ കേന്ദ്രങ്ങൾക്ക് മേൽ സംസ്ഥാനം നികുതി ഈടാക്കുന്നു.

**സി. മറ്റു നികുതികൾ**

പരസ്യ നികുതി, വാങ്ങൽ നികുതി, ലോട്ടറി, ബെറ്റിങ്, ചൂതാട്ട നികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തുന്നു.

## നിലവിലെ നികുതി സമ്പ്രദായത്തിലെ പ്രയാസങ്ങൾ

ജി. എസ്. ടി വരുന്നതിനു മുമ്പുള്ള നികുതി സമ്പ്രദായം നിരവധി പ്രയാസങ്ങൾ ചുവടെ ചേർക്കുന്നു.

**1. നികുതിക്ക് മേൽ നികുതി**

ഒരു ഉത്പന്നം വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകുമ്പോൾ ഓരോ ഘട്ടത്തിലും



ഇന്ത്യൻ ഉത്പന്നങ്ങൾക്ക് നിര വധി നികുതികൾ ഈടാക്കുമ്പോൾ അവയ്ക്ക് വില കൂടുന്നു. വിദേശ രാജ്യങ്ങളിൽ നികുതി നിരക്ക് കുവുമായതിനാൽ വിദേശ വിപണിയിൽ മത്സരിക്കാൻ പറ്റാതാകുന്നു. മാത്രവുമല്ല കുറഞ്ഞ വിലയിൽ ഇറക്കുമതി ചെയ്ത വിദേശ ഉത്പന്നങ്ങൾ ഇന്ത്യയിലെ ആഭ്യന്തര വ്യവസായങ്ങൾക്ക് ഭീഷണിയാവുന്നു.




നികുതി ചുമത്തപ്പെടുന്നു. ഉദാഹരണത്തിന് 100 രൂപയുടെ ഇരുമ്പയിര് ഉത്പാദിപ്പിച്ചു കഴിഞ്ഞാൽ അതിന്മേൽ എക്സൈസ് തീരുവ 10 ശതമാനം ചുമത്തുന്നു എന്ന് കരുതുക. അപ്പോൾ അതിന്റെ വില 110 രൂപയാകുന്നു. ഇത് ഒരു സ്റ്റീൽ നിർമാണ കമ്പനിക്കു വിൽക്കുമ്പോൾ അതിനു 10 ശതമാനം വില്പന നികുതി ചുമത്തുന്നു എന്ന് കരുതുക. അതോടെ വില 110+11= 121 രൂപയാകുന്നു. സ്റ്റീൽ കമ്പനി അതിൽ 100 രൂപ ചിലവിട്ടു ഒരു കാർ എൻജിൻ ഘടകം ആക്കി മാറ്റി ഒരു കാർ നിർമാണ കമ്പനിക്ക് വിൽക്കുന്നു. അതിന്റെ വില്പന 10 ശതമാനമാണെന്നു കരുതുക. അതോടെ വില 221+ 22.1 = 243.10 രൂപയാകുന്നു. ഇവിടെ 243.10 രൂപയിൽ 200 രൂപയുടെ മൂല്യ വർധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. ബാക്കി 43.10 രൂപ ഓരോ ഘട്ടത്തിലും ഈടാക്കുന്ന നികുതിക്ക് മേലും നികുതി ഫലമായാണ് വന്നത്. ഇത്തരത്തിൽ നികുതികൾ കാരണം ഉത്പന്നങ്ങളുടെ വില കൂടുന്നതോടെ ജീവിത ചെലവ് കൂടുന്നു. എല്ലാവർക്കും ജീവിത നിലവാരം നിലനിർത്താനായി സാധനങ്ങൾ വാങ്ങാൻ പറ്റാതാകുന്നു.

**2.** ഇന്ത്യൻ ഉത്പന്നങ്ങൾക്ക് നിരവധി നികുതികൾ ഈടാക്കുമ്പോൾ അവയ്ക്ക് വില കൂടുന്നു. വിദേശ രാജ്യങ്ങളിൽ നികുതി നിരക്ക് കുവായതിനാൽ വിദേശ വിപണിയിൽ മത്സരിക്കാൻ പറ്റാതാകുന്നു. മാത്രവുമല്ല കുറഞ്ഞ വിലയിൽ ഇറക്കുമതി ചെയ്ത വിദേശ ഉത്പന്നങ്ങൾ ഇന്ത്യയിലെ ആഭ്യന്തര വ്യവസായങ്ങൾക്ക് ഭീഷണിയാവുന്നു.

**3.** എക്സൈസ് തീരുവ, സേവന നികുതി, കസ്റ്റംസ് നികുതി തുടങ്ങി വിവിധയിനം നികുതികൾ നിലനിൽക്കുമ്പോൾ അവയുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, കണക്കുകൾ സൂക്ഷിക്കൽ, റിട്ടേൺ ഫയലിംഗ്, നികുതികൾ അടക്കൽ, വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥരുടെ പരിശോധനകൾ എന്നിവ വ്യവസായികൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കും. മാത്രവുമല്ല നടപടിക്രമങ്ങളിലെ കാലതാമസം, തർക്കങ്ങൾ എന്നിവ സംരംഭകർക്ക് ബുദ്ധിമുട്ടുകളുണ്ടാക്കും.

**4.** വ്യത്യസ്ത സംസ്ഥാനങ്ങളിൽ വ്യത്യസ്ത നികുതി നിയമങ്ങളും നിരക്കും ഉണ്ടാകുമ്പോൾ രാജ്യത്തുടനീളം ഏകീകൃതമായ ബിസിനസ് സാധ്യമല്ലാതാകുന്നു. അതിനാൽ തന്നെ




സംസ്ഥാനങ്ങൾ തമ്മിൽ സംരംഭകത്വ വികസനത്തിലും സാമ്പത്തിക വളർച്ചയിലും അന്തരമുണ്ടാകും.

**ജി. എസ്. ടി നിയമം**

ജി. എസ്. ടി എന്നാൽ ചരക്കുകളും സേവനങ്ങളും ഓരോ ഘട്ടത്തിലും സപ്ലൈ ചെയ്യുമ്പോൾ ഈടാക്കുന്ന ഒരു പരോക്ഷ നികുതിയാണ്. ഇത് സാധനത്തിന്റെ/ സേവനത്തിന്റെ ഓരോ ഘട്ടത്തിലുമുള്ള മൂല്യ വർധനവിനു മേൽ മാത്രമേ നൽകേണ്ടതുള്ളൂ. ഔട്ട്പുട്ടിന് മേലുള്ള നികുതി കണക്കാക്കി, ആ ഉത്പന്നം ഉണ്ടാക്കാനായി ഉപയോഗിച്ചിട്ടുള്ള വസ്തുക്കളിന്മേൽ നേരത്തെ അടച്ചിട്ടുള്ള നികുതി കിഴിച്ചു മാത്രമേ ഓരോ സപ്ലൈയിലും നൽകേണ്ടതുള്ളൂ.

ജി. എസ്. ടി വന്നതോടെ കേന്ദ്ര ഗവൺമെന്റ് ഈടാക്കിയിരുന്ന എക്സൈസ് തീരുവ, (മെഡിസിനൽ - ടോയ്‌ലറ്റ് ഇനങ്ങൾക്ക്), അഡീഷണൽ എക്സൈസ് തീരുവ (പ്രത്യേക പ്രാധാന്യമുള്ള സാധനങ്ങൾക്ക്), അഡീഷണൽ എക്സൈസ് തീരുവ (ടെക്സ്റ്റൈൽസും ടെക്സ്റ്റൈൽ ഉത്പന്നങ്ങൾക്കും), സേവന നികുതി, കേന്ദ്ര സർചാർജുകൾ, സെസ്സുകൾ എന്നിവ ഇല്ലാതായി. അതുപോലെ സംസ്ഥാനങ്ങൾ ഈടാക്കിയിരുന്ന മൂല്യവർധിത നികുതി/ വില്പന നികുതി, കേന്ദ്ര വില്പന നികുതി, വിനോദ നികുതി, വാങ്ങൽ നികുതി, ലോട്ടറി, ബെറ്റിങ്, ചൂതാട്ട നികുതി, സംസ്ഥാന സർചാർജുകൾ, സെസ്സുകൾ എന്നിവയും ജി. എസ്. ടിയിൽ ലയിച്ചു.

മനുഷ്യ ഉപയോഗത്തിനുള്ള ആൽക്കഹോൾ ജി. എസ്. ടി യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അഞ്ച് പെട്രോളിയം ഉത്പന്നങ്ങൾ (ക്രൂഡ് ഓയിൽ, ഡീസൽ, പെട്രോൾ, നാച്ചുറൽ ഗ്യാസ്, ഏവിയേഷൻ ടർബൻ ഫ്യൂവൽ) ജി. എസ്. ടി കൗൺസിൽ തീരുമാനിക്കുന്ന തീയതി മുതൽ ജി. എസ്. ടി യുടെ പരിധിയിൽ വരും.

**ജി. എസ്. ടി നികുതികൾ**

ജി. എസ്. ടി യിൽ ഈടാക്കുന്ന നികുതികളെ പൊതുവിൽ രണ്ടായി തരംതിരിക്കാം

1. ഒരു സംസ്ഥാനത്തിനുള്ളിൽ/ യൂണിയൻ ടെറിട്ടറി (യൂ. ടി) യിൽ വച്ച് ഒരു സപ്ലൈ നടന്നാൽ അതിനു ഈടാക്കുന്ന നികുതി 12 ശതമാനമാണെന്നിരിക്കട്ടെ. എങ്കിൽ അത് രണ്ട് ഭാഗങ്ങളായിട്ടാണ് ഈടാക്കുന്നത്.

**(എ) സെൻട്രൽ ജി. എസ്. ടി (സി. ജി. എസ്. ടി)**

ഇത്, ഈടാക്കിയ ജി. എസ്. ടി യിൽ കേന്ദ്ര ഗവൺമെന്റിന് ലഭിക്കേണ്ട നികുതിയാണ്. ഉദാഹരണത്തിന്, ഒരു ഉല്പന്നത്തിന്റെ ജി.

എസ്. ടി 12 ശതമാനമാണെങ്കിൽ, അതിന്റെ പകുതി 6 ശതമാനം സി. ജി. എസ്. ടി ആയാണ് ഈടാക്കുക.

**(ബി) സ്റ്റേറ്റ് ജി. എസ്. ടി (എസ്. ജി. എസ്. ടി)/ യു. ടി. ജി. എസ്. ടി**

ഇത്, ഈടാക്കിയ ജി. എസ്. ടി യിൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ട നികുതിയാണ്. ഉദാഹരണത്തിന്, ഒരു ഉല്പന്നത്തിന്റെ ജി. എസ്. ടി 12 ശതമാനമാണെങ്കിൽ, അതിന്റെ പകുതി 6 ശതമാനം എസ്. ജി. എസ്. ടി ആയാണ് ഈടാക്കുക. സംസ്ഥാനത്തിന് പകരം ഒരു കേന്ദ്ര ഭരണ പ്രദേശത്താണ് സപ്ലൈ നടക്കുന്നതെങ്കിൽ, എസ്. ജി. എസ്. ടി യുടെ സ്ഥാനത്ത് യു. ടി. ജി. എസ്. ടി യാണ് ഈടാക്കുക.

ഉദാഹരണത്തിന് എറണാകുളത്തെ ഒരു ഡീലർ കണ്ണൂരിലെ ഉപഭോക്താവിന് 20,000 രൂപ വിലയുള്ള ഒരു കമ്പ്യൂട്ടർ സപ്ലൈ ചെയ്യുമ്പോൾ ജി. എസ്. ടി 28 ശതമാനമാണെങ്കിൽ, 5600 രൂപയാണ് മൊത്തം ജി. എസ്. ടി തുക. അതിന്റെ പകുതി 2800 രൂപ സി. ജി. എസ്. ടി ആയി കേന്ദ്ര ഗവൺമെന്റിനും, 2800 രൂപ എസ്. ജി. എസ്. ടി ആയി കേരള ഗവൺമെന്റിനും ലഭിക്കുന്നു. ഇതേ ഇടപാട്, സംസ്ഥാനത്തിന് പകരം ഒരു കേന്ദ്ര ഭരണ പ്രദേശത്താണ് സപ്ലൈ നടക്കുന്നതെങ്കിൽ, എസ്. ജി. എസ്. ടി യുടെ സ്ഥാനത്ത് യു. ടി. ജി. എസ്. ടി ഈടാക്കി. ആ കേന്ദ്ര ഭരണപ്രദേശത്തിന് ലഭിക്കും.

**2. അന്തർ സംസ്ഥാന സപ്ലൈ**

അന്തർ സംസ്ഥാന സപ്ലൈ നടക്കുമ്പോൾ കേന്ദ്രം ഇന്റഗ്രേറ്റഡ് ജി. എസ്. ടി അഥവാ ഐ. ജി. എസ്. ടി ഈടാക്കുന്നു. ഐ. ജി. എസ്. ടി എന്നാൽ സി. ജി. എസ്. ടി യും എസ്. ജി. എസ്. ടി യും കൂടിയതാണ് ബി 2 സി ഇടപാടിൽ ആ സംസ്ഥാനത്തിന് ഐ. ജി. എസ്. ടി യുടെ പകുതി ലഭിക്കുന്നു. മറ്റൊരു രാജ്യത്തിൽ നിന്നും സാധനം ഇറക്കുമതി ചെയ്യുമ്പോൾ, ഐ. ജി. എസ്. ടി യോടൊപ്പം അടിസ്ഥാന കസ്റ്റംസ് തീരുവയും ചുമത്തും. കയറ്റുമതിയും, പ്രത്യേക സാമ്പത്തിക മേഖലയിലേക്കുള്ള ഇടപാടും പൂജ്യം നിരക്കിലാണ് ജി. എസ്. ടി ഈടാക്കുന്നത്.

ചുരുക്കത്തിൽ, ഒരു രാജ്യം, ഒരു വിപണി ഒരു നികുതി എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ചരക്കു സേവന നികുതി പുതിയൊരു പരോക്ഷ നികുതി സംസ്കാരമാണ് വളർത്തുന്നത്. സമഗ്രമായ പരിഷ്കാരമായതിനാൽ തന്നെ നിരവധി ബാലാരിഷ്ടതകളും ഇതിനുണ്ട്. വിവിധതരം നികുതികൾ ഇല്ലാതാക്കിയപ്പോൾ വിലയിൽ ഉണ്ടാകേണ്ട കുറവ് ഉപഭോക്താക്കൾക്ക് നൽകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട കാര്യമാണ്. അതുപോലെ രാജ്യത്തിനെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെ അതർഹിക്കുന്ന പരിഗണനയോടെ നികുതി നിരക്കുകൾ നിർണയിക്കേണ്ടതും ആവശ്യമാണ്. ജി. എസ്. ടി യുടെ ഫലപ്രദമായ നടത്തിപ്പിന് എല്ലാ തലത്തിലുമുള്ള ആളുകൾക്കും അവബോധവും ജി. എസ്. ടി യുടെ വിവിധ വശങ്ങളെ കുറിച്ചുള്ള അറിവും നൽകേണ്ടതാണ്.

**മഞ്ചേശ്വരം ജി. പി. എം ഗവൺമെന്റ് കോളേജിലെ വാണിജ്യ വിഭാഗം മേധാവിയാണ് ലേഖകൻ**



ആർ. ഹേലി




# വിഷരഹിത പച്ചക്കറി

## ഗാന്ധി സ്മാരക നിധിയിലൂടെ

ജൈവരീതിയിൽ തയ്യാറാക്കിയ പച്ചക്കറിയെക്കുറിച്ചുള്ള മഹത്വങ്ങളെ വിവരിക്കുന്ന പ്രചാരണത്തിന് ഏറ്റവും കൂടുതൽ ജനശ്രദ്ധ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ദൗർഭാഗ്യമെന്നു പറയട്ടെ, പല ജൈവ പച്ചക്കറി വിപണന കേന്ദ്രങ്ങളിലും വ്യാജന്മാരെ കലർത്തിയാണ് വിൽക്കുന്നതെന്ന ആരോപണം ശ്രദ്ധയർഹിക്കുന്ന രീതിയിൽ പെരുകുന്നുണ്ടെന്ന കാര്യം മറയ്ക്കാൻ പാടില്ലാത്തത്ര പെരുകുകയാണ്. ഗുണമേന്മയുള്ള യഥാർത്ഥ ജൈവ പച്ചക്കറികൾ എവിടെക്കിട്ടും എന്ന ചോദ്യത്തിന്റെ പ്രസക്തി ഇതോടെ വർദ്ധിക്കുകയാണ്.

ഈ രംഗത്ത് വളരെ മാതൃകാപരമായ ഒരു യത്നം തലസ്ഥാന നഗരിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഗാന്ധി സ്മാരക നിധി കോംപ്ലക്സ് കേന്ദ്രമാക്കി സമാരംഭിച്ചിരിക്കുന്നു. പൊതുജനങ്ങളുടെയും വികസന പ്രവർത്തകരുടെയും സർവ്വോപരി സർക്കാരിന്റെയും പ്രത്യേക ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതാണ്. തൈക്കാട്ടുള്ള ഗാന്ധിസ്മാരക നിധി വളപ്പിൽ എല്ലാ ശനിയാഴ്ചയും ഉച്ചയ്ക്ക് രണ്ട് മണി മുതൽ നാലര മണി വരെ പ്രവർത്തിക്കുന്ന ഒരു ജൈവ സസ്യവിപണി സമാരംഭിച്ചിരിക്കുന്നു. ഗാന്ധി സ്മാരകനിധിയും ഇന്ത്യൻ അഗ്രി



ക്കൾച്ചർ അസോസിയേഷനും കേരള ഫാം ജേർണലിസ്റ്റ് ഫോറവും ഒത്തുചേർന്ന് രൂപം നൽകിയ ഒരു കർഷക കൂട്ടായ്മയാണ് ഈ പ്രസ്ഥാനത്തിന്റെ ജീവനാഡി.

* ജൈവ പച്ചക്കറി, പഴം കൃഷിയിൽ താല്പര്യമുള്ള ആർക്കും ഈ കൂട്ടായ്മയിൽ അംഗമാകാം. കേരള ഗവൺമെന്റ് രജിസ്ട്രേഷനുള്ള ഒരു സംഘടനയാണ് ഈ കർഷക കൂട്ടായ്മ.

> **ജൈവ രീതിയിലാണ് കൃഷി നടത്തുന്നതെന്ന് ഉറപ്പു വരുത്തുവാൻ കൃഷിക്കുപയോഗിക്കുന്ന എല്ലാ വിഭവങ്ങളും പരിശോധനാ വിധേയമാക്കും. കൃഷിക്കുള്ള എല്ലാ സഹായങ്ങളും ലഭ്യമാക്കും.**

അംഗങ്ങൾക്ക് കൃഷി ചെയ്യുന്നതിനുള്ള വിത്തും നടീൽ വസ്തുക്കളും സാങ്കേതിക സഹായങ്ങളും ഒക്കെ സംഘാടകർ ലഭ്യമാക്കും. ആവശ്യമുള്ള സന്ദർഭങ്ങളിൽ കൃഷിയിട സന്ദർശനം ചിട്ടയായി നടത്തും.

* ജൈവ രീതിയിലാണ് കൃഷി നടത്തുന്നതെന്ന് ഉറപ്പു വരുത്തുവാൻ കൃഷിക്കുപയോഗിക്കുന്ന എല്ലാ വിഭവങ്ങളും പരിശോധനാ വിധേയമാക്കും. കൃഷിക്കുള്ള എല്ലാ സഹായങ്ങളും ലഭ്യമാക്കും.

* അംഗങ്ങളായ കൃഷിക്കാർക്ക് ശനിയാഴ്ചകളിൽ അവരുല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും മാർക്കറ്റ് യാർഡിൽ മേശകളിൽ നിരത്തി വിൽക്കാവുന്നതാണ്. ഉല്പന്നങ്ങളുടെ വില ഓരോ ദിവസവും ഉച്ചയ്ക്ക് പ്രഖ്യാപിക്കും. ജൈവ രീതിയിൽ തയ്യാറാക്കുന്ന ഗുണമേന്മയുള്ള ഈ വിഭവങ്ങൾക്ക് മാർക്കറ്റ് വിലയെക്കാൾ 30% കൂട്ടിയാണ് വില നിശ്ചയിക്കുന്നത്. സാധാരണ ഗതിയിൽ ജനങ്ങൾക്ക് ഇവിടെ നിന്നു കിട്ടുന്ന വിഭവങ്ങളിലുള്ള വിശ്വാസം വർദ്ധിക്കുന്നതിന്റെ തെളിവാണ് വിലയല്പം കൂടിയാൽത്തന്നെ ഗുണമേറിയ ഉൽപ്പന്നങ്ങൾ

തന്നെ വാങ്ങാനുള്ള വീട്ടമ്മമാരുട താല്പര്യം എന്നത്രേ മുൻ കൃഷി ജോയിന്റ് ഡയറക്ടർ ഫാം ജേർണലിസ്റ്റ് വിഭാഗത്തിന്റെ മുൻനിര നേതാവുമായ ഡോ. ബാലചന്ദ്രന്റെ അഭിപ്രായം.

* ഒരു ദിവസം പോലും ഉല്പന്നങ്ങൾ തിരിച്ചു കൊണ്ടുപോകേണ്ട ആവശ്യം വരുന്നില്ല. നാലര മണിക്കു മുമ്പു തന്നെ ബിസിനസ് അവസാനിപ്പിക്കാൻ കഴിയും. ഉല്പന്നങ്ങൾ വാങ്ങാൻ വരുന്നവർക്കും വിൽക്കാൻ കൊണ്ടുവരുന്നവർക്കും തമ്മിൽ പലതരം ആശയവിനിമയങ്ങൾക്ക് അവസരമുണ്ട്. തൽഫലമായി പച്ചക്കറികൾക്കും പഴങ്ങൾക്കും പുറമെ നാടൻ വിത്തുകൾ, വിത്തു മുളപ്പിച്ച തൈകൾ, ജൈവ കീട



നാശിനികൾ എന്നിവയും ഇവിടെ ധാരാളമായി കൃഷിക്കാർ തന്നെ കൊണ്ടുവന്ന് വിൽക്കുന്നുണ്ട്. ഇപ്പോൾ മൂല്യവർദ്ധിത ഉല്പന്നങ്ങളും കൃഷിക്കാർ കൊണ്ടുവരികയും വളരെ താല്പര്യത്തോടു കൂടി ആവശ്യക്കാർ വാങ്ങുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നത് സൂചിപ്പിക്കുന്നത് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയാണെന്നാണ് കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലെ മുൻശാസ്ത്രജ്ഞനും കർഷക കൂട്ടായ്മയുടെ മുന്നണി സംഘാടകനുമായ ശ്രീ. രവീന്ദ്രന്റെ അഭിപ്രായം.

* ഒരു ദിവസം ശരാശരി 30,000 മുതൽ 80,000 രൂപ വരെ കച്ചവടം നടക്കുന്നു. അതായത് ഒരു വർഷത്തിൽ 20 ലക്ഷത്തിനും 25 ലക്ഷത്തിനും ഇടയ്ക്ക് വരുന്ന തുകയ്ക്കുള്ള ഒരു ജൈവസസ്യചന്ത ഹരിതചട്ടങ്ങൾ പാലിച്ച് ഗാന്ധിസ്മാരകനിധി വളപ്പിൽ മാതൃകാപരമായി നടക്കുന്നു. മൊത്തം വില്പനയുടെ 3 % കർഷക കൂട്ടായ്മയ്ക്കുള്ളതാണ്. ഗാന്ധിസ്മാരക നിധിയും ഇന്ത്യൻ അഗ്രിക്കൾച്ചറൽ അസോസിയേഷനും ഫാം ജേർണലിസ്റ്റ് വിഭാഗത്തിനുമൊക്കെ വേണ്ടിവരുന്ന ചെലവിനാണ് ഈ തുക ഉപയോഗിക്കുന്നത്.


നവകേരള സൃഷ്ടിക്കുവേണ്ടി കാർഷിക മേഖലയിൽ മാതൃകകൾക്ക് രൂപം നൽകാനായി നാം കഠിനയത്നം നടത്തുന്ന ഈ സമയത്ത് കാർഷിക വികസന മേഖലയിൽ ഏതാണ്ട് അറുപത് വർഷക്കാലമായി നിശബ്ദമായി പ്രവർത്തിക്കുന്ന ഗാന്ധിസ്മാരക നിധി ഒട്ടനവധി മാതൃകകൾ നമുക്ക് നൽകിയിട്ടുണ്ട്. ഇന്ത്യയിലെ നെൽകൃഷി നവോത്ഥാനത്തിന്റെ ഏറ്റവും നല്ല തുടക്കം കുറിച്ച ജപ്പാൻ മാതൃകയിലുള്ള നെൽകൃഷിയുടെ തന്നെ ആദ്യാക്ഷരങ്ങൾ കുറിച്ചത് ഗാന്ധിയൻ പ്രസ്ഥാനങ്ങളായിരുന്നു എന്നത് മറക്കാൻ പാടില്ല. ''പഴം പച്ചക്കറി വികസന മേഖലയിലെ രണ്ട് പ്രധാന പ്രശ്നങ്ങൾ വിഭവങ്ങളുടെ ജൈവഗുണം ഉറപ്പാക്കലും അവയുടെ മാന്യവും ന്യായവുമായ വിപണനവുമാണ്''. എന്ന് ഇന്ത്യൻ അഗ്രിക്കൾച്ചർ അസോസിയേഷൻ സെക്രട്ടറിയും മുൻ കൃഷി ഡെപ്യൂട്ടി ഡയറക്ടറുമായ ശ്രീ. സായിരാജ് തറപ്പിച്ചു പറയുന്നു. അതിന് ഗാന്ധി സ്മാരക നിധി അവതരിപ്പിച്ചിരിക്കുന്ന കർഷക കൂട്ടായ്മ ഗ്രാമങ്ങളിലേക്കും നഗര പ്രദേശങ്ങളിലേക്കും ഒരുപോലെ പ്രയോജനകരമാണ്. കേരളത്തിലെ ആയിരം പഞ്ചായത്തുകളിലും പല രീതിയിലും നടത്തപ്പെടുന്ന കർഷക കൂട്ടായ്മകളിലൂടെയുള്ള വിഭവ സമാഹരണ വിപണന ശൃംഖല ഈ പ്രസ്ഥാനത്തിന് സ്ഥായീഭാവം നൽകാൻ അത്യന്താപേക്ഷിതമാണ്. ജനങ്ങളുടെ ആരോഗ്യവും ഉല്പാദകന്റെ താല്പര്യവും സർവോപരി

> **നവസംരംഭകരെ കണ്ടെത്താനുള്ള പരിശ്രമങ്ങളുടെയും അവർക്ക് ലഭ്യമാക്കേണ്ട പരിശീലനങ്ങളുടെയും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള വേദികളായും ഗാന്ധിസ്മാരക നിധി പോലുള്ള സന്നദ്ധ സംഘടനകൾക്ക് കഴിയും.**

വികസന യജ്ഞത്തിന്റെ വിജയപൂർവമായ മുന്നേറ്റത്തിനും ഇത്തരം മാതൃകകളെ കണ്ടെത്തി അവയ്ക്ക് സംസ്ഥാന തലത്തിൽ അംഗീകാരവും സാമ്പത്തിക സഹായവും നൽകുകയും കർഷകർക്ക് സാങ്കേതിക പിന്തുണയും ധനകാര്യ സ്ഥാപനങ്ങളുടെ പിന്തുണയും ലഭ്യമാക്കുകയാണെങ്കിൽ പൊതുമേഖലയെപ്പോലെ തന്നെ സന്നദ്ധ സംഘടനാ മേഖലയിലും വലിയ സംഭാവനകൾ ഉണ്ടാകുമെന്നുള്ളത് തീർച്ചയാണ്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയം നിശ്ചയിക്കുന്നത് വിവിധ ഏജൻസികൾ സൃഷ്ടിക്കുന്ന പ്രവർത്തന കൂട്ടായ്മയാണ്. നവസംരംഭകരെ കണ്ടെത്താനുള്ള പരിശ്രമങ്ങളുടെയും അവർക്ക് ലഭ്യമാക്കേണ്ട പരിശീലനങ്ങളുടെയും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള വേദികളായും ഗാന്ധിസ്മാരക നിധി പോലുള്ള സന്നദ്ധ സംഘടനകൾക്ക് കഴിയും.

കൃഷിക്കാരുടെയും ബഹുജനങ്ങളുടെയും സ്നേഹവും വിശ്വാസവുമാണ് ഞങ്ങളുടെ ശക്തി. ഇതിന്റെ വളർച്ച നമ്മുടെ സമൂഹത്തിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നമ്മുടെ സർവകലാശാലകളിലെ എക്സ്റ്റൻഷൻ വിഭാഗങ്ങളും സെന്റർ ഫോർ ഡവലപ് സ്റ്റഡീസ് പോലുള്ള വികസന പഠന ഗവേഷണ കേന്ദ്രങ്ങളും നടത്തേണ്ടതുണ്ട്.

പഴമായാലും പച്ചക്കറിയായാലും അത് വിഷാംശം തീരെ തീണ്ടിയിട്ടില്ലാത്ത ശുദ്ധമായ ജൈവവിഭവമായിരിക്കണമെന്ന നിർബന്ധം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും എത്തിച്ചേർന്നിട്ടുണ്ട്. നമ്മുടെ ഉയർന്ന സാമൂഹ്യബോധത്തിന്റെ ഒരു തെളിവായി ഇതിനെ എടുത്തു പറയാം. പക്ഷെ അതിന്റെ ഗുണഫലങ്ങൾ നമ്മുടെ വീടുകളിൽ എത്തിച്ചേരണമെങ്കിൽ നാം പ്രചരിപ്പിക്കുന്ന രീതിയിലുള്ള വിഭവങ്ങൾ സമൃദ്ധമായി ലഭ്യമാക്കാൻ ഉല്പാദകർക്ക് വളരെയേറെ പിന്തുണയും സഹായവും അത്യാവശ്യമാണ്. നവകേരള നിർമിതിയുടെ പദ്ധതിയും പരിപാടികളും സൃഷ്ടിക്കുന്നവർ ഗാന്ധിസ്മാരകനിധി സൃഷ്ടിക്കുന്നതുപോലുള്ള മാതൃകകളെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും അവയുടെ വികാസത്തിനുവേണ്ടി കൂടുതൽ സഹായങ്ങളും അവസരങ്ങളും സൃഷ്ടിക്കുകയും വേണം. കാരണം നവകേരള സൃഷ്ടി എന്ന നമ്മുടെ ലക്ഷ്യം യാഥാർത്ഥ്യമായാൽ മാത്രമേ കേരളം വളരുകയുള്ളൂ. അതും ഐശ്വര്യപൂർണമായി.



എഴുമാവിൽ രവീന്ദ്രനാഥ്



# കുതിപ്പിന്റെ ആയുർവേദം


ആയുർവേദ വ്യവസായത്തിന് പുത്തൻ ഉണർവു നൽകിക്കൊണ്ടുള്ള സംസ്ഥാന സർക്കാർ ഉത്തരവ് സംസ്ഥാനത്തെ ഔഷധ നിർമാതാക്കൾ സർവാത്മനാ സ്വാഗതം ചെയ്തിരിക്കുകയാണ്. ഉല്പന്നങ്ങൾക്ക് ലൈസൻസ് തേടുമ്പോൾ ക്ലിനിക്കൽ സ്റ്റഡി റിപ്പോർട്ട് നിർബന്ധമാക്കിയ കേന്ദ്ര ആയുഷ് വകുപ്പിന്റെ നിബന്ധന മൂലം വൻപ്രതിസന്ധി നേരിട്ടിരുന്ന ആയുർവേദ ഔഷധ ഉല്പാദനരംഗത്തിന് ക്ലിനിക്കൽ സ്റ്റഡിക്ക് പകരമായി പൈലറ്റ് സ്റ്റഡി മതിയെന്ന കേരള സർക്കാർ ഉത്തരവ് മൃതസഞ്ജീവനിയായി മാറിയിരിക്കുന്നു.

ആയിരം കോടി രൂപയിലേറെ മൂല്യമുള്ളതാണ് സംസ്ഥാനത്തെ ആയുർവേദ വ്യവസായത്തിന്. പ്രാചീനകാലം മുതലേ ആയുർവേദത്തിനും ആയോധന കലകൾക്കും പേരു കേട്ടിരുന്ന നാടാണ് നമ്മുടേത്. അഷ്ടവൈദ്യന്മാരും ആര്യവൈദ്യന്മാരും ഉൾപെടെയുള്ള ആയുർവേദ ശാസ്ത്ര വിദഗ്ദ്ധരും ഒറ്റമൂലി ചികിത്സകരും നാട്ടുവൈദ്യന്മാരും ഉൾപെടെയുള്ള പ്രാദേശിക ആരോഗ്യ സംരക്ഷകരും ചേർന്ന് ഒരു മഹത് പാരമ്പര്യം നമുക്കുണ്ട്. പ്രകൃതിയിൽ നിന്ന് സംഭരിച്ച് സംസ്കരിച്ചെടുക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത ചേരുവയിൽ ചേർത്ത് രോഗസൗഖ്യത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി ഇവർ നൂറ്റാണ്ടുകളായി ജനങ്ങൾക്ക് നൽകിവരുന്നു. ധന്വന്തരി, ചരകൻ, ശുശ്രുതൻ തുടങ്ങി ആധുനിക ആയുർവേദ പണ്ഡിതർ വരെ ആയുർവേദത്തെ സമ്പുഷ്ടമാക്കി. ഔഷധ സസ്യങ്ങളുടെ കലവറയായ ആരണ്യ

ങ്ങൾ നമുക്കുള്ളതുകൊണ്ടാവാം വിദേശത്തു നിന്നു പോലും പ്രാചീനകാലം മുതൽ രോഗചികിത്സയ്ക്കും സുഖചികിത്സയ്ക്കുമായി പതിനായിരങ്ങൾ ഇവിടേയ്ക്കൊഴുകിയെത്തി.

കാലം മാറിയതോടെ ഔഷധ സസ്യങ്ങളുടെ ലഭ്യതയിൽ കുറവുണ്ടാവുകയും ഔഷധ നിർമാണപ്രക്രിയകളിൽ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു. ഒരു ധർമമെന്ന നിലയിൽ ആയുർവേദ ചികിത്സ നടത്തി വന്നിരുന്നവർക്ക് രോഗികളുടെ എണ്ണം കൂടിയതോടെ അവർക്കെല്ലാം വേണ്ടത്ര അളവിൽ ഔഷധങ്ങൾ നൽകാൻ കഴിയാത്ത അവസ്ഥയായി. ഇതോടെ ചികിത്സയ്ക്കുള്ള ഔഷധകുറിപ്പടികൾ അവർ നൽകിത്തുടങ്ങി. ഉണക്കിയെടുത്ത ഔഷധക്കൂട്ടുകൾ വിൽക്കുന്നതിലേയ്ക്ക് സംസ്ഥാനത്ത് ധാരാളം അങ്ങാടിക്കടകൾ (പച്ചമരുന്ന് വ്യാപാരം) ഉയർന്നുവന്നു. ഔഷധസസ്യങ്ങളെ തിരിച്ചറിയുന്ന, പ്രാദേശികമായി ഈ രംഗത്ത് പ്രവർത്തിച്ചു വന്നവർക്ക് ഇതോടെ പുതിയ തൊഴിലവസരങ്ങളുമായി. 40 കളിൽ സംസ്ഥാനത്തുടനീളം 346 അങ്ങാടിക്കടകൾ ഉണ്ടായിരുന്നിടത്ത് ഇന്ന് 17,000 എന്ന വലിയൊരു സംഖ്യയാണ് 2018 സമ്മാനിച്ചത്. തൊടികളിൽ നിന്നും വനമേഖലയിൽ നിന്നും സംഭരിക്കുന്ന വേരുകൾ, കാണ്ഡങ്ങൾ, കിഴങ്ങുകൾ, ഇലകൾ, പൂക്കൾ ഇവയൊക്കെ സംഭരിക്കുന്ന ഗ്രാമീണർക്കും ആദിവാസികൾക്കും ഇത്തരം വ്യാപാരശാലകൾ തരക്കേടില്ലാത്ത വരുമാനമാണ് ഉറപ്പുനൽകിയത്.

മുമ്പ് പറഞ്ഞ പ്രകാരം വൈദ്യന്മാർ നൽകുന്ന കുറിപ്പടി പ്രകാരം അങ്ങാടിക്കടകളിൽ നിന്നും വാങ്ങുന്ന ഔഷധക്കൂട്ടുകൾക്കൊപ്പം ചുറ്റുവട്ടത്തു നിന്നും ശേഖരിക്കുന്നവ കൂടിച്ചേർത്ത് നിർദ്ദിഷ്ട പാകത്തിൽ ഔഷധങ്ങൾ തയ്യാറാക്കുക എന്നത് ഏവർക്കും പ്രായോഗികമായ ഒന്നല്ല. ഈ രംഗത്തേക്കാണ് ഔഷധ നിർമാണശാലകൾ സംസ്ഥാനത്തു വ്യാപകമായത്. വൈദ്യർ കുറിക്കുന്ന ഔഷധങ്ങൾ റെഡിമെയ്ഡ് ആയി ലഭിക്കുന്നതിനപ്പുറം മറ്റെന്തു സൗകര്യം. ചൂർണം, ഗുളിക, വടി, കഷായം, എണ്ണ, കുഴമ്പ്, ലേഹ്യം അരിഷ്ടം തുടങ്ങി എല്ലാ ഉല്പന്നങ്ങളും ആവശ്യാനുസരണം നിർമിച്ച് വിപണനം ചെയ്യുന്ന സ്ഥാപനങ്ങൾ അങ്ങനെ പടർന്നു പന്തലിച്ചു. പ്രാദേശികമായി മാത്രം ഉല്പാദിപ്പിച്ചു വിപണനം നടത്തുന്ന ചെറുകിട നിർമാണശാലകൾ മുതൽ രാജ്യാന്തര വിപണനം സാധ്യമാക്കിയ വൻകിടക്കാർ ഉൾപെടെ എഴുന്നൂറിൽ പരം ഉല്പാദകരാണിന്ന് സംസ്ഥാനത്തുള്ളത്.



ഔഷധനിർമാണം ഒരു കുട്ടിക്കളിയല്ല. ആരോഗ്യ സംരക്ഷണം, രോഗസൗഖ്യം ഇവയ്ക്ക് ഉല്പന്നങ്ങൾ നിർമിക്കുന്നത് വ്യക്തമായ മാനദണ്ഡങ്ങൾ അനിവാര്യമാണ്.

"മണത്തും, കടിച്ചും ചവച്ചും ഞെരിച്ചും കരിച്ചും പുകച്ചും വെയിൽ കായ്ച്ചു വെച്ചും" ആയിരുന്നു പണ്ട് ഔഷധസസ്യ ങ്ങളും അവയുടെ ഗുണമേന്മയും അളന്നിരുന്ന ത്. അന്ന് ശാസ്ത്രം അത്ര വളർന്നിരുന്നില്ല. ഇന്ന് ഓരോ സസ്യത്തിന്റെയും ജാതകം വരെ കുറി ക്കപ്പെട്ടിരിക്കുന്നു. ഫാർമക്കോളജി എന്ന ശാസ്ത്രശാഖയിലൂടെ ഓരോ ഔഷധശാലയിലും റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗം ഇന്നു നിർബന്ധമാണ്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ഔഷധ നിർമാണം സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിർവചിച്ചിരിക്കുന്നു. ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്റ്റ് എന്ന കേന്ദ്രനിയമവും ഔഷധസുരക്ഷയ്ക്കായി നിലവിലുണ്ട്. സംസ്ഥാനങ്ങളിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗവും അനലിറ്റിക്കൽ ലാബറട്ടറികളും സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ കേന്ദ്രത്തിലും ഒരു ഡ്രഗ്സ് കൺട്രോൾ പ്രവർത്തിച്ചു വരുന്നു. ഓരോ ഔഷധനിർമാണ ശാലക്കും ഔഷധങ്ങൾക്കും ഗുണനിലവാരം ഉറപ്പാക്കാൻ ഈ സംവിധാനങ്ങൾ സഹായകമാണ്.

വൃത്തിയും വെടിപ്പുമുള്ള പരിസരം, തദ്ദേശ സ്വയംഭരണ വകുപ്പ്, ജലവകുപ്പ്, മാലിന്യ നിയന്ത്രണ വകുപ്പ് എന്നിവയുടെ ലൈസൻസുകൾ, നിശ്ചിത വലുപ്പമുള്ള പ്രൊഡക്ഷൻ, പ്രൊക്യുർമെന്റ്, പാക്കിങ്ങ് യൂണിറ്റുകൾ, അസംസ്കൃത വസ്തുക്കളുടെ സംഭരണം, സംസ്കരണം എന്നിവയ്ക്കുള്ള സ്ഥലങ്ങൾ, ജീവനക്കാരുടെ ആരോഗ്യാവസ്ഥ ഇതെല്ലാം നിർമാണശാലകളുടെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്. ഓരോ ബാച്ച് ഔഷധങ്ങളും പരിശോധിച്ച് ഗുണമേന്മ വരുത്തുകയും അവ കൃത്യമായി രേഖപ്പെടുത്തുകയും വേണം. ഇവയിൽ നിന്ന് ഡ്രഗ്സ് ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന സാമ്പിളുകൾ സ്റ്റേറ്റ് ഡ്രഗ്സ് ടെസ്റ്റിങ്ങ് ലാബുകളിലും പരിശോധന നടത്തും. മുമ്പ് തിരുവനന്തപുരത്ത് മാത്രമേ ഈ സൗകര്യം ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ എറണാകുളം, തൃശൂർ എന്നിവിടങ്ങളിൽ സുസജ്ജമായ ലാബുകൾ തയ്യാറായിക്കഴിഞ്ഞു. കണ്ണൂരിലും ലാബിന്റെ പണികൾ പുരോഗമിക്കുന്നു.

ഉല്പന്നങ്ങളുടെ ഗുണമേന്മയിൽ കുറവുണ്ടായാൽ അവ നിരോധിക്കുവാനും ഉല്പാദകർക്കെതിരെ നിയമനടപടി കൈക്കൊള്ളുവാനും ഡ്രഗ്സ് കൺട്രോളർക്ക് അധികാരമുണ്ട്. പിഴ, തടവ്, സ്ഥാപനം തന്നെ പൂട്ടിക്കൽ ഇതൊക്കെ ശിക്ഷകളിൽപെടുന്നു.

വീണ്ടും പുതിയ സർക്കാർ ഉത്തരവിലേയ്ക്കു വരാം. ഒരു ആയുർവേദ നിർമാണ സ്ഥാപനത്തിന് രണ്ടു തരത്തിലുള്ള ഉല്പന്നങ്ങൾ നിർമിക്കാവുന്നതാണ്. ഒന്ന് പരമ്പരാഗത ഔഷധങ്ങൾ, മറ്റൊന്ന് സ്വന്തമായി വികസിപ്പിച്ച ഉല്പന്നങ്ങൾ. അഷ്ടാംഗഹൃദയം, ഭൈഷജ്യ രത്നാവലി തുടങ്ങിയ പ്രാചീനകാല ഗ്രന്ഥങ്ങളിൽ നൽകിയിട്ടുള്ള ചേരുവകൾ പ്രകാരം നിർമിക്കുന്നവയാണ് പരമ്പരാഗത ഔഷധങ്ങൾ. സ്വന്തം ഗവേഷണം ഉപയോഗിച്ച് വേർതിരിച്ചെടുത്ത ഫോർമുലേഷൻ പ്രകാരം തയ്യാറാക്കി പേരുമിട്ട് വിപണിയിൽ ഇറക്കുന്നവയാണ് രണ്ടാമത്തെ ഗണത്തിൽ പെടുന്നത്. പരമ്പരാഗത ഔഷധങ്ങളുടെ ഗുണങ്ങൾ പണ്ടേയ്ക്കു തന്നെ തെളിയിക്കപ്പെട്ടവയാണ്. ഇവയുടെ ഗുണനിലവാരവും നിർമാണ രീതിയും മാത്രം പരിശോധിച്ചാൽ മതി. എന്നാൽ സ്വന്തം ഫോർമുലേഷനുകൾ അങ്ങനെയല്ല. അവയിലെ ഓരോ ഔഷധത്തിന്റെയും ഗുണങ്ങൾ അവയുടെ സംയുക്തമായി രൂപംകൊള്ളുന്ന

**ഔഷധഘടകം അതിന്റെ പ്രാദേശികവും, സംസ്കൃതത്തിലുള്ളതുമായ പേരുകൾ ശാസ്ത്രീയനാമം, ഉപയോഗിക്കുന്ന ഭാഗം ആയതിന്റെ ഗുണം സംബന്ധിച്ച റഫറൻസ് ഗ്രന്ഥത്തിന്റെ പേര് അദ്ധ്യായം പേര്, അളവ് തുടങ്ങിയവ വ്യക്തമായി രേഖപ്പെടുത്തി തയ്യാറാക്കുന്ന ഫോർമുല ഓരോ തനതു ഉല്പന്നത്തിനും ആവശ്യമാണ്.**



ഉല്പന്നത്തിന്റെ ഗുണങ്ങൾ ഇവ ശാസ്ത്രീയമായി തെളിയിക്കപ്പെടണം.

ഔഷധഘടകം അതിന്റെ പ്രാദേശികവും, സംസ്കൃതത്തിലുള്ളതുമായ പേരുകൾ ശാസ്ത്രീയനാമം, ഉപയോഗിക്കുന്ന ഭാഗം (വേര്, തണ്ട്, ഇല, പൂവ്, കായ്) ആയതിന്റെ ഗുണം സംബന്ധിച്ച റഫറൻസ് ഗ്രന്ഥത്തിന്റെ പേര് അദ്ധ്യായം പേര്, അളവ് തുടങ്ങിയവ വ്യക്തമായി രേഖപ്പെടുത്തി തയ്യാറാക്കുന്ന ഫോർമുല ഓരോ തനതു ഉല്പന്നത്തിനും ആവശ്യമാണ്. ഇത് തയ്യാറാക്കി ക്ലിനിക്കൽ ടെസ്റ്റ് നടത്തണം. വിവിധ പ്രായത്തിലും ശരീര പ്രകൃതിയിലുമുള്ള രോഗികളിൽ ഉല്പന്നം പരീക്ഷിച്ച് നിരീക്ഷണം നടത്തുന്ന രീതിയാണ് ക്ലിനിക്കൽ സ്റ്റഡി. ഇതിലേയ്ക്ക് വിരൽ എണ്ണാവുന്ന സ്ഥാപനങ്ങൾ മാത്രമേ സംസ്ഥാനത്തുള്ളൂ. സമയം ഏറെ വേണ്ടി വരുന്നതും പണച്ചിലവേറുന്നതുമാണ് ഈ ടെസ്റ്റ്. എന്നാൽ സർക്കാർ ഇപ്പോൾ നിർദ്ദേശിച്ച പൈലറ്റ് സ്റ്റഡി കുറേക്കൂടി സൗകര്യപ്രദമാണ്. റാൻഡം സാംപ്ലിങ്ങ് രീതിയാണിവിടെ അവലംബിക്കുക. ഇത് വിദ്യാഭ്യാസ യോഗ്യതയും വർഷങ്ങളുടെ പരിചയവുമുള്ള ആയുർവേദ ഡോക്ടർമാരുടെ നേതൃത്വത്തിൽ അതതു സ്ഥാപനങ്ങൾക്കു തന്നെ ചെയ്യാനാവും. അവരുടെ നിരീക്ഷണ പഠനം അങ്ങനെയങ്ങു തെറ്റാനിടയില്ല. പൈലറ്റ് സ്റ്റഡി മാത്രമാകുമ്പോൾ പുതിയ പല പേറ്റന്റ് ഉല്പന്നങ്ങളും കാലതാമസം കൂടാതെ വിപണിയിറക്കാൻ ഉല്പാദകർക്കാവും. അന്യസംസ്ഥാനങ്ങളിലെ വ:ൻകിട ഔഷധനിർമാതാക്കളുടെ കേരളത്തിലേക്കുള്ള തള്ളിക്കയറ്റവും കുറയ്ക്കാനാവും. ഇത് സർക്കാരിന്റെ വരുമാനത്തെയും ഗുണകരമായിത്തന്നെ ബാധിക്കും. ക്ലിനിക്കൽ ട്രയലിനെക്കാൾ ചെലവു കുറഞ്ഞതും സമയം ലാഭിക്കാവുന്നതുമായ ഒന്നായ പൈലറ്റ് സ്റ്റഡി സംസ്ഥാനമൊട്ടാകെ വിദഗ്ദ്ധരുടെ ശൃംഖലയോടു കൂടി നിർമിച്ചു വരുന്ന വ്യവസായ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചു വരുന്ന സിഗ്മാ റിസേർച്ച് ആന്റ് അനാലിസിസ് ആണ് ഈ രംഗത്തെ ഏറ്റവും വലിയ സംരംഭം. പുതിയ ഉത്തരവ് ഉണർവായി മാറട്ടെ.

# പരിശീലന ഹാളിന്റെ പ്രവർത്തനോദ്ഘാടനവും ട്രെഡ്- റീ ട്രെഡ് റബ്ബർ നിർമ്മാണ വ്യവസായികൾക്കായുള്ള ഏകദിന സാങ്കേതിക ശിൽപശാലയും സംഘടിപ്പിച്ചു

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ മഞ്ചേരി, പയ്യനാടുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ പരിശീലന പരിപാടികൾക്കായി പുതുതായി സജ്ജമാക്കിയ ശീതീകരിച്ച സ്മാർട്ട് സെമിനാർ ഹാളിന്റെ പ്രവർത്തനോദ്ഘാടനം മഞ്ചേരി നഗരസഭാ കൗൺസിലർ മരുന്നൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ മഞ്ചേരി എം. എൽ. എ. അഡ്വ. എം. ഉമ്മർ നിർവഹിച്ചു.



തുടർന്ന് ട്രെഡ്- റീട്രെഡ് റബ്ബർ നിർമാണ വ്യവസായികൾക്കായി ഇന്ത്യൻ റബ്ബർ ഇൻസ്റ്റിറ്റ്യൂട്ട് കേരള ഘടകത്തിന്റെ സഹകരണത്തോടെ നടത്തിയ ഏകദിന സാങ്കേതിക ശില്പശാലയും സംഘടിപ്പിച്ചു. പ്രസ്തുത ചടങ്ങിൽ സി. എഫ്. എസ്. സി. അസിസ്റ്റന്റ് ഡയറക്ടർ ശ്യാം. എസ്. സ്വാഗതവും, ജില്ലാ വ്യവസായകേന്ദ്രം സീനിയർ സൂപ്രണ്ട് രഘുനാഥ് ടി. പി. വ്യവസായ വകുപ്പിന്റെ സേവനങ്ങളെക്കുറിച്ച് മുഖ്യപ്രഭാഷണവും നടത്തി. ഇന്ത്യൻ റബ്ബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള ഘടകം ചെയർപേഴ്സൺ ഡോ. റാണി ജോസഫ്, സി. ഐ. പി. ഇ. റ്റി- ഐ. പി. റ്റി കൊച്ചിയുടെ പ്രതിനിധി സന്തോഷ്, ആൾ കേരള ട്രെഡ് മാനുഫാക്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് പി. പി. സുബൈർ, ഉപജില്ലാ വ്യവസായ ഓഫീസർ സതീഷ്. കെ. പി. എന്നിവർ ആശംസയർപിച്ചു. ട്രെയിനിംഗ് പ്രോഗ്രാം കോ- ഓഡിനേറ്റർ ആയ വിനോദ് കുമാർ. ജി നന്ദിയും പറഞ്ഞു.

ഏകദിന സാങ്കേതിക ശില്പശാലയിൽ മിക്സിംഗ് & മെറ്റീരിയൽസ് എന്ന വിഷയത്തിൽ തൃശൂർ അപ്പോളോ ടയേഴ്സിലെ ഗ്രൂപ്പ് മാനേജർ കെ. എ. ചാക്കോ, പോളിമർ സയൻസ് & റബ്ബർ ടെക്നോളജി എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള ഘടകം ചെയർപേഴ്സൺ ഡോ. റാണി ജോസഫ് എന്നിവർ ട്രെഡ്- റീട്രെഡ് റബ്ബർ നിർമാണ വ്യവസായികൾക്ക് ക്ലാസ് എടുത്തു. തുടർന്ന് സംശയനിവാരണത്തിനായി നടത്തിയ പ്രത്യേക സെക്ഷനിൽ ഇന്ത്യൻ റബ്ബർ ഇൻസ്റ്റിറ്റ്യൂട്ടിനെ പ്രതിനിധീകരിച്ച് എത്തിയ വിവിധ മേഖലയിലുള്ള സാങ്കേതിക വിദഗ്ദർ വ്യവസായികളുടെ സംശയങ്ങൾക്ക് വിശദീകരണം നൽകി.



# പി. എം. ഇ. ജി. പി.; പുതുസംരംഭകർക്ക് മികച്ച വായ്പാ പദ്ധതി




പുതുസംരംഭകർക്ക് മികച്ച വായ്പാ പദ്ധതിയാണ് പ്രധാന മന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി അഥവാ പി. എം. ഇ. ജി. പി. എന്ന് ഡോ. കെ. എസ്. കൃപകുമാർ പ്രസ്താവിച്ചു. പി. എം. ഇ. ജി. പി. ഗുണഭോക്താക്കൾക്കായി സംഘടിപ്പിച്ച ഏകദിന അവബോധന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു തൃശൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കൂടിയായ അദ്ദേഹം. മികച്ച നേട്ടമാണ് ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിനും, പ്രത്യേകിച്ച് തൃശൂർ ജില്ലയ്ക്കും ഉണ്ടാക്കാൻ കഴിഞ്ഞത്. ഇപ്പോൾ രണ്ടാം വായ്പ എന്ന നിലയിൽ ഒരു കോടി രൂപ വരെ നൽകുവാൻ കഴിയുന്നു. അന്താരാഷ്ട്ര നിലവാരത്തിൽ ഉല്പന്നങ്ങളേയും സേവനങ്ങളെയും കാണാൻ ശ്രമിക്കണമെന്നും, ബാർകോഡ് ഉൾപെടെയുള്ള സാങ്കേതിക മേന്മകൾ പുലർത്താൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യോഗത്തിൽ ഖാദി കമ്മീഷൻ ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ എം. സി. പീതാംബരൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വ്യവസായകേന്ദ്രം മാനേജർമാരായ ടി. എസ്. ചന്ദ്രൻ, എസ്. സജി, ആർ. സ്മിത, എൽ. ഗീത, ഡെപ്യൂട്ടി രജിസ്ട്രാർ ടി. എസ്. മായാദേവി, അസി. ഡയറക്ടർ എ. കെ. റഫത്ത് അലി, ജി. പ്രണാബ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. മാർക്കറ്റിംഗ് മാനേജ്മെന്റ്, ഇൻവെസ്റ്റമെന്റ് പ്രമോഷൻ ആക്ട് പദ്ധതിയിലെ പുതിയ മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ ചർച്ച ക്ലാസ്സും നടത്തി.





# കരകൗശല വിസ്മയം തീർത്ത്
# മലബാർ ക്രാഫ്റ്റ്സ് മേള

കരകൗശല വസ്തുക്കളുടെ പ്രദർശനമേളയായ മലബാർ ക്രാഫ്റ്റ്സ് മേളയ്ക്ക് കണ്ണൂർ വേദിയായി. ഇതാദ്യമായാണ് മലബാർ ക്രാഫ്റ്റ്സ് മേളയ്ക്ക് കണ്ണൂർ ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യയിലെ 22 സംസ്ഥാനങ്ങളിൽ നിന്നുള്ള കലാകാരന്മാർ മേളയുടെ ഭാഗമായി. കണ്ണൂർ പോലീസ് മൈതാനത്ത് ഫെബ്രുവരി 24 മുതൽ മാർച്ച് ഒമ്പത് വരെ നടന്ന മേളയിൽ കേരളത്തിനകത്തും പുറത്തു നിന്നുമായി ഇരുന്നൂറിലേറെ കലാകാരന്മാർ പങ്കെടുത്തു.





കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമായത് മുതൽ വ്യവസായ വികസന രംഗത്ത് ചെറുതല്ലാത്ത കുതിപ്പിലാണ് ജില്ല. കണ്ണൂരിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള സർക്കാരിന്റെ പല പദ്ധതികളും പ്രഖ്യാപനങ്ങളും നടപ്പിലായിക്കൊണ്ടിരിക്കുകയാണ് ഇത്തരം വ്യവസായിക വാണിജ്യ മുന്നേറ്റത്തിനിടയിൽ ജില്ലയുടെ കലാസാംസ്കാരിക പാരമ്പര്യങ്ങളും ലോകത്തിനു മുമ്പിൽ എത്തിക്കുന്ന തരത്തിലാണ് മേള സംഘടിപ്പിച്ചത്.







## പരസ്യനിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം – 695 033
ഫോൺ: 6238302158

Email: vyavasayakeralam@gmail.com

Regn.No.KL/TV(N)/183/2016-2018
Volume 51 Issue 10
March 2019

**Vyavasaya Keralam**
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd March 2019




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor : Baiju R.S.